കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.7/1838/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി 29/07/2019

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

..................................................................

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1). കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2). പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3). പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4). കാര്യാലയ പകർപ്പ്.
എബികെ

നം.കെ.എസ്.എ.എം.പി.എം.7/1838/2019

തിയ്യതി: 04-12-2018

<u>മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21/10/2018 മുതൽ 22/06/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം.</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. അജിത്.ആർ, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24-06-2019 മുതൽ 03-07-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.മൂസ.ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജഹാൻ ഖുറൈശി.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.അമീൻ ഫൈസൽ.ടി.ടി | ഓഡിറ്റർ |
| ശ്രീ.റഷീദ്.വി | ഓഡിറ്റർ |

<u>ബി ) നിർവഹണാധികാരികൾ.</u>

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി.പ്രേമലത.കെ.പി | 01.04.2018 മുതൽ 19.05.2018 വരെ |

| | |
|---|---|
| ശ്രീ.അബ്ദുൾ മജീദ്.വി | 20.05.2018 മുതൽ 22.06.2018വരെ |
| ശ്രീമതി.അജിത.എൻ.ടി | 23.06.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ.ടോമി ജോൺ | 01.04.2018 മുതൽ 31.07.2018 വരെ |
| ശ്രീമതി.ടി.എൻ.പുഷ്പകുമാരി | 01.08.2018 മുതൽ 13.08.2018 വരെ |
| ശ്രീമതി.ബീന.എസ് | 14.08.2018 മുതൽ 02.03.2019 വരെ |
| ശ്രീ.രാകേഷ് മോഹൻ.എം | 03.03.2019 മുതൽ 31.03.2019 വരെ |

**മറ്റു നിർവഹണ ഉദ്യോഗസ്ഥർ.**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.മനോജ്.കെ.ജി | 01.04.2018– 31.03.2019 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മുഹമ്മദലി.എം | 01.04.2018 - 31.03.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.യു.കെ. കാസിം | 01.04.2018- 24.06.2018 |
| | ഡോ.റോജ നെഫ്സത്ത് | 25.06.2018– 24.09.2018 |
| | ഡോ.ഷമി.പി | 26.09.2018– 30.09.2018 |
| | ഡോ.അഞ്ജു.സി.രാജ് | 01.10.2018 – 31.03.2019 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ലാൻസ്ലറ്റ് തോമസ് | 01.04.2018– 31.03.2019 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.മുഹമ്മദ് ബൈജു.പി.കെ | 01.04.2018– 31.03.2019 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സലീല.എം | 01.04.2018– 31.03.2019 |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.ജ്യോതിർമയി | 01.04.2018– 31.03.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.വി.എൻ.കവിത | 01.04.2018– 31.03.2019 |
| വെറ്ററിനറി സർജൻ | ഡോ.രവി കുമാർ | 01.04.2018– 31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.റ്റി.എൻ.പുഷ്പകുമാരി | 01.04.2018 – |

| | | |
|---|---|---|
| | | 15.10.2018 |
| | ശ്രീ.രാകേഷ് മോഹൻ.എം | 16.10.2018 – 31.03.2019 |
| കൃഷി ഓഫീസർ | ശ്രീമതി.ഫാത്തിമ ഷഹീന.കെ.എം | 01.04.2018– 22.09.2018 |
| | ശ്രീമതി.ലിനി.ജി | 23.09.2018– 31.12.2018 |
| | ശ്രീ.ഷിഹാദ്.എം | 01.01.2019– 28.03.2019 |
| | ശ്രീമതി.ലിനി.ജി | 29.03.2019– 31.03.2019 |

ം

**ഉള്ളടക്കം**


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. |
| 14 | 2-2 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - വിവിധ അപാകതകൾ. |
| 15 | 2-3 | തൊഴിൽ നികുതി - വിവിധ അപാകതകൾ. |

| | | |
|---|---|---|
| 16 | 2-4 | പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്.ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. |
| 17 | 2-5 | ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം. |
| 18 | 2-6 | അനധികൃത നിർമ്മാണം- അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 19 | 2-7 | യഥാർത്ഥ ഉപയോഗക്രമത്തിൽ നിന്നും വ്യത്യസ്തമായി കെട്ടിടനികുതി നിർണ്ണയിച്ചു. |
| 20 | 2-8 | റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിലെ കുറവ്. |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 21 | 3-1 | രേഖകൾ ഹാജരാക്കിയില്ല, ചെലവ് തുക 11,63,008 രൂപ തടസ്സം ചെയ്യുന്നു |
| 22 | 3-2 | വാറണ്ടി കാലാവധി അവസാനിക്കുന്നതിന് മുമ്പ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകി.തുക തിരികെ ഈടാക്കേണ്ടതാണ്. |
| 23 | 3-3 | KCWWF,IT എന്നിവ അടവാക്കിയതിൻെറ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. |
| 24 | 3-4 | രശീതി,വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. |
| 25 | 3-5 | വാട്ടർ ചാർജ് കുടിശ്ശിക അടവാക്കിയത് -രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല |
| 26 | 3-6 | മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. |
| 27 | 3-7 | ആരോഗ്യ ജാഗ്രതാ പ്രചരണം- ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 28 | 3-8 | ജി.എസ്.ടി- TDS ഈടാക്കേണ്ടതാണ്. |
| 29 | 3-9 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ - കൺവീനർമാർക്ക് അധിക തുക നൽകി |
| 30 | 3-10 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ - കൺവീനർമാർക്ക് അധിക തുക നൽകി (2017-18) |
| 31 | 3-11 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം |
| 32 | 3-12 | ഗുണഭോക്തൃ തിരഞ്ഞെടുപ്പിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങളിലെ അപാകതകൾ. |
| 33 | 3-13 | വാർഷിക പദ്ധതി രൂപീകരിണത്തിൽ നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കാനാവണം. |
| 34 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 35 | 4-2 | നിക്ഷേപ പ്രവർത്തികൾക്ക് (Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 36 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 37 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| | | |

| | | |
|---|---|---|
| 38 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 39 | 4-6 | ഓഡിറ്റ് റിക്കവറി |
| 40 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 41 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 42 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 43 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 44 | Annexure 1 | Audit Certificate |
| 45 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്.

| 2018-19 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ബജറ്റ് പുതുക്കിയ തീയ്യതി |
|---|---|
| 22.03.2018 ലെ തീരുമാനം നമ്പർ.1 | 21.02.2019 ലെ തീരുമാനം നമ്പർ 4(i) |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31-7-2019 | 07-05-2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ, തിയതി |
|---|---|---|
| 2018-19 | 26.06.2019 മുതൽ 27.06.2019 വരെ | കെ.എസ്.എ എം.പി.എം.7/1838/2019 തിയതി 29.7.19 |

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 53853997 |
| വരവ് | 131972260 |
| ആകെ | 185826257 |
| ചെലവ് | 129406466 |
| നീക്കിബാക്കി | 56419791 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 27563967 | 27563967 | 20464866 | 7099101 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 15142000 | 15142000 | 13874223 | 1267777 |
| സംരക്ഷണ ഗ്രാന്റ് (റോഡ് ) | | 13959000 | 13959000 | 10796578 | 3162422 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5740000 | 5740000 | 3456063 | 2283937 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 12794000 | 12794000 | 10088792 | 2705208 |
| ലിറ്ററസി (SMGB) | 4422 | 179 | 4601 | 0 | 4601 |
| എസ്ബിടി ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് | 3333 | 136 | 3469 | - | 3469 |
| തനതു ഫണ്ട് | 17758551 | 19114763 | 36873314 | 15971028 | 20902286 |
| | 8216148 | 21893361 | 30109509 | 22946628 | 7162881 |
| | 26983856 | 31063038 | 58046894 | 31216501 | 26830393 |
| എസ് എം ജി ബി പശ്ചിമഘട്ട് വികസന പദ്ധതി | 37086 | 1506 | 38592 | 0 | 38592 |
| ബി-ഫണ്ട് | 0 | 81164240 | 81164240 | 81164240 | 0 |
| എസ്ബിടി എസ് എസ് എ | 153931 | 5459 | 159390 | 0 | 159390 |
| എംജിഎൻആർഇജിഎസ് | 25187 | 16930886 | 16956073 | 16944297 | 11776 |
| ഐ.സി.ഡി.എസ്. | 3425813 | 2592981 | 6018794 | 1499972 | 4518822 |
| ടി.എസ്.സി. | 3721026 | 230000 | 3951026 | 230000 | 3721026 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | പൂർണമായും നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 363 | 178369115 | 234 | 108687865 | 99 | 30 | 64.46 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 25187 | 261784 | 286971 | 275195 | 11776 |
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത് | 0 | 16669102 | 16669102 | 16669102 | 0 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,54,240 | 378 |
| കർഷകതൊഴിലാളി പെൻഷൻ | 1,27,90,800 | 3249 |
| വിധവാപെൻഷൻ | 2,64,12,900 | 6234 |
| വാർദ്ധക്യകാലപെൻഷൻ | 2,97,26,900 | 6877 |
| വികലാംഗപെൻഷൻ | 98,03,700 | 2294 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 14,85,300 | 357 |
| വിവാഹ ധനസഹായം | 5,70,000 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,249/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

1). വസ്തുനികുതി ഡിമാന്റുമായി ബന്ധപ്പെട്ട് നടത്തിയ ഡേറ്റ പ്യൂരിഫിക്കേഷന്റെ ഭാഗമായി നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ, നികുതി കുറവ് ചെയ്തിട്ടുള്ളവ എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ട് നിലവിൽ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകാത്ത സാഹചര്യമാണുള്ളത്.

2). പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണം.വിവിധ ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങളുടെ ഫീൽഡ് തല പരിശോധന കാര്യക്ഷമമാക്കി വരുമാന ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

3). മരാമത്ത് പ്രവൃത്തികളുടെ ഇ- ടെൻഡർ നടപടികളിലൂടെ മുൻവർഷങ്ങളിൽ ജില്ലാ പഞ്ചായത്ത്

എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന ടെണ്ടർ ഫോറം വില ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം.

4). വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത്തല ആസൂത്രണ സമിതി ഉൾപ്പെടെയുള്ള വിവിധ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പഞ്ചായത്ത് ഭരണസമിതി തലത്തിൽ ഇടപെടൽ ശക്തിപ്പെടുത്തേണ്ടതാണ്.

5). പൊതുമരാമത്ത് മേഖലയിലെ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ വർദ്ധനവ് മേഖലയിലെ പദ്ധതി ചെലവിനെയും ഗുണമേൻമയേയും ദോഷകരമായി ബാധിക്കുന്നത് ഒഴിവാക്കാൻ ഭരണസമിതി തലത്തിൽ നടപടി ഉണ്ടാവണം.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.06.2019 | മെയ് 2019 | 17.06.2019 |
| എ.ജി ഓഡിറ്റ് | 05.05.2001 | 2007-08 മുതൽ 2011-12 വരെ | 05.04.2013 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ.

2018-19 വർഷത്തെ വാർഷിക കണക്കുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3). പിരിഞ്ഞ് കിട്ടാനുള്ളവയിൽ, സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4). 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ച വസ്തുനികുതി കുടിശ്ശിക തുക മുൻവർഷത്തെ ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ളതിനേക്കാൾ അധികരിച്ചിട്ടുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരം 52866/- രൂപ കുടിശ്ശികയിനത്തിൽ ലഭിക്കാൻ അവശേഷിക്കുന്നുമുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| 2017-18 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് (Schedule B-15) പ്രകാരമുള്ള തുക. | 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ച തുക. (Schedule RP-43) | അധികം ലഭിച്ചത്. | 2018-19 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് (Schedule B-15) പ്രകാരമുള്ള ബാലൻസ് തുക. |
|---|---|---|---|
| 83686 | 156714 | 73028 | 52866 |

5). ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ഉൾപ്പെട്ട താഴെ പറയുന്ന ചെലവഴിക്കാൻ അവശേഷിക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| Code No | Particulars | Amount |
|---|---|---|
| | | |

| | | |
|---|---|---|
| 320100115 | Centrally Sponsered Scheme – Total Sanitation Campaign (TSC) | 3721026 |
| 320100121 | Centrally Sponsered Scheme – Integrated Child Development Scheme (ICDS) | 4518822 |
| 320200310 | Drought Relief Grant | 1847935 |
| 320200323 | Grant for Keralolsavam | 20000 |
| 320300103 | Grants, Funds & Contributions for Specific Purposes – Other Government Agencies – Total Sanitation | 2508000 |
| 320300109 | Grants, Funds & Contributions for Specific Purposes – Other Government Agencies | 46618 |

6). ബാലൻസ് ഷീറ്റിൽ (B-4 Schedule) ഉൾപ്പെട്ട സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുക അതിനുവേണ്ടി തുടങ്ങിയ അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി (B-17 & RP-40(b) Schedules) പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗ്രാന്റിന്റെ പേര് | B-4 Schedule | B-17 Schedule | വ്യത്യാസം |
|---|---|---|---|
| 320700204 - ബ്ലോക്ക് പഞ്ചായത്ത് | 329960 | 807265 | 5,08,520 |
| 320700204 - ബ്ലോക്ക് പഞ്ചായത്ത് | 40000 | | |
| 320700205 - ജില്ലാ പഞ്ചായത്ത് | 390505 | | |
| ആകെ | 760465 | 807265 | 46800 |

7). വാർഷിക കണക്ക് പ്രകാരം Registration fee from Priivate Hospital & Paramedical Institutions എന്ന ശീർഷകത്തിൽ 1200/- രൂപ വരവുണ്ട്. എന്നാൽ ഡിമാന്റ് കളക്ഷൻ രജിസ്റ്റർ പ്രകാരം വരവ് 1300/- രൂപയാണ്.

8). വാർഷിക കണക്ക് പ്രകാരം Registration fee from Tutorial Institutions എന്ന ശീർഷകത്തിൽ 750/- രൂപ വരവുണ്ട്. എന്നാൽ ഡിമാന്റ് കളക്ഷൻ രജിസ്റ്റർ പ്രകാരം വരവ് 700/- രൂപയാണ്.

9). പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10). ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 ൽ ഡെപ്പോസിറ്റ് തുകയായി Deposit Received for Halls and Auditoriums എന്ന ശീർഷകത്തിൽ 1500/- രൂപ നീക്കിയിരിപ്പുണ്ടെങ്കിലും ആയത് ഡിപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

11). വാല്യൂ ബേസ്ഡ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-14 Schedule ൽ ഉൾപ്പെട്ട Stock in Hand – 28000/- രൂപയുടെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല.

12). മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടത്തിലെ പട്ടിക 1, ക്രമ നമ്പർ 142 പ്രകാരം സ്വകാര്യ ആശുപത്രികളുടെ നടത്തിപ്പിനും ക്രമ നമ്പർ.143 പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിനും ലൈസൻസ് ആവശ്യമാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ഇപ്രകാരമുള്ള ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്. |
|---|---|
| 1 | ഐഡിയൽ ഹെൽത്ത് കെയർ, പാണ്ടിക്കാട് |
| 2 | ഫിറോസ് മെഡിക്കൽ സെന്റർ, പാണ്ടിക്കാട് |
| 3 | എമിനന്റ് ഡന്റൽ കെയർ, പാണ്ടിക്കാട് |
| 4 | പാണ്ടിക്കാട് ക്ലിനിക്കൽ ലാബോറട്ടറി - 1 |
| 5 | പാണ്ടിക്കാട് ക്ലിനിക്കൽ ലാബോറട്ടറി - 2 |
| 6 | നിയോ ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, പാണ്ടിക്കാട് |
| 7 | പത്മ ഡെന്റൽ ക്ലിനിക്ക്, പാണ്ടിക്കാട് |
| 8 | സുധർമ്മ സ്പെഷ്യാലിറ്റി ലാബോറട്ടറി, പാണ്ടിക്കാട് |
| 9 | എം.ഇ.എസ് റൂറൽ ഹെൽത്ത് & ട്രെയിനിംഗ് സെന്റർ, പാണ്ടിക്കാട് |
| 10 | ഡോ.ബാസിൽസ് ഹോമിയോ ഹോസ്പിറ്റൽ, പാണ്ടിക്കാട് |
| 11 | ഒയാസിസ് ലാബോറട്ടറി, പാണ്ടിക്കാട് |
| 12 | തങ്ങൾസ് അക്യുപംങ്ചർ ഹിജാമ & സൈക്കോളജിക്കൽ കൗൺസലിംഗ് സെന്റർ |
| 13 | മരിയ ഡെന്റൽ ക്ലിനിക്, പാണ്ടിക്കാട് |
| 14 | നൻമ ലാബ്, പാണ്ടിക്കാട് |
| 15 | ഇലാജ് ക്ലിനിക്,, പാണ്ടിക്കാട് |

ഈ സ്ഥാപനങ്ങൾ 1997 -ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിന് യാതൊരു നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഈ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചത് മുതൽ തുടർന്നുള്ള വർഷങ്ങളിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് അറിയിക്കേണ്ടതാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 05/29.06.2019)

## 2-2 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ്

# നൽകൽ - വിവിധ അപാകതകൾ.

2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് ഗ്രാമപഞ്ചായത്ത് 06.09.2018 തിയ്യതിയിലെ 12(1) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഫീസ് നിരക്ക് നിശ്ചയിച്ച് പുതുക്കിയ ഫീസ് ഈടാക്കുന്നതിൽ വളരെ കാലതാമസം വന്നിട്ടുണ്ട്. 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള ഫീസ് നിരക്ക് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്നത് 06.09.2018 ന് മാത്രമാണ്. ഇത് കാരണം 2018-19 സാമ്പത്തിക വർഷത്തെ ലൈസൻസിനായി സമയബന്ധിതമായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ഥാപനമുടമകളിൽ നിന്ന് പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കാൻ സാധിച്ചിട്ടില്ല. ഇപ്രകാരമുള്ള അഡ്വാൻസ് ലൈസൻസ് അപേക്ഷകളിൻ മേൽ എപ്രകാരമാണ് ഫീസ് ഈടാക്കിയിട്ടുള്ളത് എന്ന് വ്യക്തവുമല്ല.

2). ലൈസൻസ് ഫീസ് കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 4,050 രൂപ നഷ്ടം.

ഭേദഗതി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് താഴെ പറയുന്ന പ്രകാരമാണ്.

| സേവന മേഖല | ഫീസ് |
|---|---|
| 25,000 രൂപ വരെ മൂലധന നിക്ഷേപം | 100 രൂപ |
| 25,001 രൂപ മുതൽ 1,00,000വരെ മൂലധന നിക്ഷേപം | 200 രൂപ |
| 1,00,001 രൂപ മുതൽ 2,00,000വരെ മൂലധന നിക്ഷേപം | 300 രൂപ |
| 2,00,001 രൂപ മുതൽ 3,00,000വരെ മൂലധന നിക്ഷേപം | 400 രൂപ |
| 3,00,001 രൂപ മുതൽ 10,00,000വരെ മൂലധന നിക്ഷേപം | 500 രൂപ |
| 10,00,001 രൂപ മുതൽ 50,00,000വരെ മൂലധന നിക്ഷേപം | 1,000 രൂപ |
| 50,00,001 രൂപ മുതൽ 2 കോടി വരെ മൂലധന നിക്ഷേപം | 5,000 രൂപ |
| 2,00,00,001 രൂപ മുതൽ 5 കോടി വരെ മൂലധന നിക്ഷേപം | 10,000 രൂപ |
| 5 കോടിക്ക് മുകളിൽ മൂലധന നിക്ഷേപം | 15,000 രൂപ. |

എന്നാൽ താഴെ പറയുന്ന രണ്ട് സ്ഥാപനങ്ങളുടെ ഫീസ് ഈടാക്കിയതിൽ താഴെ പറയുന്ന പ്രകാരം 4,050 രൂപ കുറവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | ലൈസൻസ് നമ്പർ | ഫീസ് അടവാക്കിയ രശീതി നമ്പർ / തിയ്യതി | മൂലധന നിക്ഷേപം (അപേക്ഷകന്റെ സത്യ വാങ്മൂലം പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | ഡോ.ആരിഫ.കെ.എം പെരിങ്കടക്കാട് ഹൗസ് പാണ്ടിക്കാട് - 676521 | 445/2018-19 (പി.കെ.എം ആശുപത്രി) | 118230110828 / 15.02.2019 | 2 കോടി | 5,000 | 1,000 | 4,000 |
| 2 | ഫാഹിസ്.ടി ത്രാശ്ശേരി ഹൗസ് പാണ്ടിക്കാട്.പി.ഒ | 451/2018-19 (ലൈറ്റ് സോൺ എന്ന പേരിൽ L.E.D ഉൽപ്പന്നങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന്) | 118230112237 / 02.03.2019 | 3 ലക്ഷം | 400 | 350 | 50 |
| ആകെ | | | | | 5,400 | 1,350 | 4,050 |

എൻക്വയറി നൽകിയതിനെ തുടർന്ന് ഫീസിനത്തിൽ കുറവ് വന്ന 4,050/- രൂപ 02.07.2019 ന് രശീതി നമ്പർ.119230102022, 119230102024 പ്രകാരം അടവാക്കിയിട്ടുണ്ട്.

<u>3). സ്ഥാപനങ്ങൾക്ക് നൽകുന്ന ലൈസൻസിലെ അപാകതകൾ.</u>

അപേക്ഷ പരിശോധിച്ച് സ്ഥാപനങ്ങൾക്ക് നൽകുന്ന ലൈസൻസിൽ ലൈസൻസ് നമ്പർ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ലൈസൻസ് നൽകുന്ന തിയ്യതി, ലൈസൻസ് നൽകുന്ന ഉദ്യോഗസ്ഥന്റെ പേര്, തസ്തിക എന്നിവയൊന്നും രേഖപ്പെടുത്തുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 07/01.07.2019)

## 2-3 തൊഴിൽ നികുതി - വിവിധ അപാകതകൾ.

2018-19 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(എ). സ്ഥാപന നികുതി ഈടാക്കിയില്ല.

2018-19 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധ വർഷം. |
|---|---|---|
| 1 | എസ്.ബി.ഐ പാണ്ടിക്കാട് | I half |
| 2 | ബി.എസ്.എൻ.എൽ പാണ്ടിക്കാട് | I & II half |
| 3 | ഒയാസിസ് ലാബോറട്ടറി, പാണ്ടിക്കാട് | I & II half |
| 4 | ബേസ് അക്കാദമി, പാണ്ടിക്കാട് | I half |
| 5 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, പാണ്ടിക്കാട് | I & II half |

ഈ സ്ഥാപനങ്ങളോട് ബന്ധപ്പെട്ട അർദ്ധവർഷങ്ങളിലെ ടേൺ ഓവർ സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയും, പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ പ്രകാരമുള്ള നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

(ബി). ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഇന്നേവരെ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ. അബ്ദുൾ അസീസ് | ഡ്രൈവർ, പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് |
| 2 | ശ്രീമതി.പ്രജിത | അക്കൗണ്ടന്റ്, സി.ഡി.എസ്, പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്. |

(ബി). തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ,അല്ലാതെയോ 60 ദിവസം വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും/ സ്ഥാപനവും ആ ഗ്രാമപഞ്ചായത്തിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ |
| 2 | റേഷൻ കടകൾ |

തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം-22/02-07-2019 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 2-4 പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്.ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)

ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും 100 പക്ഷികളിൽ കൂടുതലുള്ള പൗൾട്രി ഫാമുകൾ സ്ഥാപിക്കുവാനോ നടത്തിക്കൊണ്ട് പോവാനോ പാടുള്ളതല്ല. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ഒരു പൗൾട്രി ഫാമിന് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയ രേഖകൾ പ്രകാരം 146 പൗൾട്രി ഫാമുകൾ നിലവിലുണ്ട്. വാർഡ് തലത്തിലുള്ള വിവരം താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | പൗൾട്രി ഫാമുകളുടെ എണ്ണം. |
|---|---|
| 1 | 16 |
| 2 | 16 |
| 3 | 5 |
| 5 | 6 |
| 6 | 9 |
| 7 | 6 |
| 8 | 21 |
| 9 | 9 |
| 10 | 6 |
| 11 | 4 |
| 12 | 8 |
| 13 | 1 |
| 14 | 9 |
| 15 | 4 |
| 16 | 5 |
| 18 | 3 |
| 19 | 4 |
| 21 | 4 |
| 22 | 8 |
| 23 | 2 |
| ആകെ | 146 |

ഈ സ്ഥാപനങ്ങളിൽ നിന്നും മതിയായ ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിന് യാതൊരു നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 06/29.06.2019) വസ്തുനികുതി നിർണ്ണയ പ്രകാരമുള്ള കോഴിഫാമുകളിൽ നിലവിൽ പ്രവർത്തിച്ച് വരുന്ന കോഴിഫാമുകൾക്ക് 2019-20 സാമ്പത്തിക വർഷം മുതൽ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5 ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ 2011, ചട്ടം 15 പ്രകാരം കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം രേഖാ മൂലമായ ഉത്തരവ് വഴി സെക്രട്ടറി അനുമതി നൽകുകയോ അല്ലെങ്കിൽ 13 -ാം ചട്ടത്തിൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങളാൽ നിരസിക്കുകയോ ചെയ്യേണ്ടതും, ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിലെ അപേക്ഷകൾ പരിശോധിച്ചതിൽ, ഭൂരിപക്ഷം അപേക്ഷകളിലും ചട്ട പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പെർമിറ്റ് അനുവദിക്കുകയോ, അപാകതകൾ/ നിരസിക്കുന്ന വിവരം അപേക്ഷകനെ അറിയിക്കുകയോ ചെയ്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്/ സൂചിക നമ്പർ | കെട്ടിട ഗണം | അപേക്ഷ ലഭിച്ച തിയ്യതി | പെർമിറ്റ് അനുവദിച്ച തിയ്യതി | കുറിപ്പ് |
|---|---|---|---|---|---|
| 1 | അബ്ദുൽ റഷീദ്, 238/2019 | താമസം [A1] | 11.01.2019 | 09.04.2019 | ഓവർസിയർ റിപ്പോർട്ട്- 22.2.19<br>സെക്രട്ടറിയുടെ അംഗീകാരം- 27.2.19<br>ഫീ അടവാക്കിയത്- 28.02.19 |
| 2 | നബീസ, 476/19 | താമസം [A1] | 18.11.2019 | 06.03.2019 | മുൻഗണനാക്രമം പാലിക്കാതെ മറ്റു പല അപേക്ഷകളിലും പെർമിറ്റ് അനുവദിച്ചു. |
| 3 | ലക്ഷ്മി, 2108/2019 | താമസം [A1] | 21.02.2019 | 12.06.2019 | |
| 4 | ഖാലിദ്, 1180/2019 | വാണിജ്യം[A1] | 08.02.2019 | 31.05.2019 | |
| 5 | മുഹമ്മദ് കാസിം | താമസം [A1] | 08.02.2019 | 13.05.2019 | |

അപേക്ഷകൾ ലഭിച്ചതിന്റെ മുൻഗണനാക്രമം പാലിക്കാതെയാണ് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പെർമിറ്റ് അപേക്ഷകളിൽ ക്രമ പ്രകാരം നടപടി സ്വീകരിക്കുന്നുണ്ടെന്നും, സമയ ബന്ധിതമായി സേവനം ലഭ്യമാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

*[ഓഡിറ്റ് എൻക്വയറി നമ്പർ 15/01.07.2019- അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കി- A1/6315/2019 , 02.07.2019]*

## 2-6 അനധികൃത നിർമ്മാണം- അടിയന്തര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നിയോ ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിന്റെ അനധികൃത നിർമ്മാണം ശ്രദ്ധയിൽപ്പെടുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഓവർസിയർ, സെക്രട്ടറി എന്നിവർ 29.06.2019-ന് ഓഡിറ്റിന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടും, പഞ്ചായത്തിലെ വസ്തു നികുതി രേഖകളും പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. പെർമിറ്റ് ഇല്ലാതെ നിർമ്മാണ പ്രവർത്തികൾ നടത്തി.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 4(1),(2) എന്നിവ പ്രകാരം പെർമ്മിറ്റ് ലഭ്യമാക്കാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർ നിർമ്മിക്കുകയോ, കൂട്ടി ചേർക്കലുകളോ നടത്താൻ പാടില്ല. എന്നാൽ പഞ്ചായത്ത് ഓവർസിയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം അനുമതി കൂടാതെ 1663.57 $m^2$ വിസ്തീർണ്ണത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പഞ്ചായത്തിലെ വസ്തു നികുതി രേഖകൾ പ്രകാരമുള്ള വിസ്തീർണം | | ഓവർസിയറുടെ സൈറ്റ് പരിശോധന പ്രകാരമുള്ള വിസ്തീർണം | |
|---|---|---|---|
| കെട്ടിട നമ്പർ | വിസ്തീർണം [$m^2$] | വിവരണം | വിസ്തീർണം [$m^2$] |
| 18/623 | 1209.39 | Hospital Building GF | 1380.21 |
| 18/623/A | 138.45 | FF | 1229.66 |
| 18/623/B | 138.45 | SF | 1229.66 |
| 18/624 | 309.65 | TF | 593.61 |
| 18/625 | 860 | Hospital Building - Total | 4433.14 |
| 18/626 | 309.25 | Canteen Building GF | 100.88 |
| Hospital Building -Total | 2965.19 | FF | 117.37 |
| Canteen Building -18/460 | 140 | SF | 117.37 |
| - | - | Canteen Building-Total | 335.62 |
| Total | 3105.19 | Total | 4768.76 |

പഞ്ചായത്തിലെ വസ്തു നികുതി രേഖകൾ പ്രകാരം ഹോസ്പിറ്റൽ 2965.19 ച.മി വിസ്തീർണമുള്ള ഇരുനില [GF+FF] കെട്ടിടത്തിലും, ക്യാന്റീൻ 140 ച.മി വിസ്തീർണമുള്ള ഒരുനില [GF+FF] കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഓവർസിയറുടെ സൈറ്റ് പരിശോധന റിപ്പോർട്ട് പ്രകാരം ഹോസ്പിറ്റൽ 4433.14 ച.മി വിസ്തീർണമുള്ള നാല്നില [GF+FF+SF+TF] കെട്ടിടത്തിലും, ക്യാന്റീൻ 335.62 ച.മി വിസ്തീർണമുള്ള മൂന്ന്നില [GF+FF+SF] കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.

അനധികൃത നിർമ്മാണത്തിന് എതിരെ കേരള പഞ്ചായത്ത് രാജ് നിയമം/ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 എന്നിവ പ്രകാരം നടപടി സ്വീകരിക്കേണ്ടതും, ചട്ട

പ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ, പാർക്കിംഗ് എന്നിവ നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

<u>2. വസ്തു നികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു.</u>

4433.14 ച.മി വിസ്തീർണമുള്ള ഹോസ്പിറ്റൽ കെട്ടിടത്തിന് പകരം 2965.19 ച.മി വിസ്തീർണത്തിനും [നികുതി 3രൂപ / ച.മി], 335.62 ച.മി വിസ്തീർണമുള്ള ക്യാൻറ്റീൻ കെട്ടിടത്തിന് പകരം 140 ച.മി വിസ്തീർണത്തിനും [നികുതി 30രൂപ / ച.മി] ആണ് നികുതി ചുമത്തിയിട്ടുള്ളത്. അനധികൃത നിർമ്മാണങ്ങൾ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടത് വാർഡിന്റെ ചുമതലയുള്ള ക്ലാർക്കിന്റെ ചുമതലയാണ്. ഇത്തരത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാത്തത് മൂലം വസ്തു നികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടം സംഭവിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

അനധികൃത നിർമ്മാണത്തിന് എതിരെ കേരള പഞ്ചായത്ത് രാജ് നിയമം/ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 എന്നിവ പ്രകാരം നടപടി സ്വീകരിക്കേണ്ടതും, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17, 24 എന്നിവ പ്രകാരം നടപടി സ്വീകരിക്കുന്നതിനും പുരോഗതി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

*[സൂചന : ഓവർസിയർ, സെക്രട്ടറി എന്നിവരുടെ 29.06.2019-ലെ റിപ്പോർട്ട്]*

# 2-7 യഥാർത്ഥ ഉപയോഗക്രമത്തിൽ നിന്നും വ്യത്യസ്തമായി കെട്ടിടനികുതി നിർണ്ണയിച്ചു.

2018-19 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഉപയോഗക്രമത്തിൽ നിന്ന് വ്യത്യസ്തമായാണ് അവ ഉപയോഗിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. നികുതി നിർണ്ണയിച്ചിട്ടുള്ള ഉപയോഗ ക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗ മാറ്റം നടത്താതെയാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇത് കാരണം വസ്തുനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയിൽ വലിയ കുറവ് സംഭവിക്കുന്നുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1).

| | |
|---|---|
| കെട്ടിട നമ്പർ | PP 22/99 |
| കെട്ടിടയുടമയുടെ പേര് | ശ്രീ.മുരളീധരൻ, മൊട്ടോര ഹൗസ് |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 190 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 10 HP മോട്ടോർ ഉപയോഗിച്ച് തീപ്പെട്ടിക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ നിർമ്മിക്കുന്നതിന്. |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | കൈത്തൊഴിൽ ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 9/2018-19 തി.11.04.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| ഉപയോഗം | ഇതര വ്യവസായം |
| തറവിസ്തീർണ്ണം | 190 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 190 X 40) | 7600 രൂപ |
| (-) ഇളവ് - 20 % (മേഖല – 10%, കാലപ്പഴക്കം - 10% ) | 1520 രൂപ |
| (+) വർദ്ധനവ് - ഇല്ല. | 0 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 6080 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 1520 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 4560 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (6080 x 5%) | 304 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 76 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 228 രൂപ. |
| ആകെ നഷ്ടം (4560+228 ) | 4788 രൂപ. |

2).

| | |
|---|---|
| കെട്ടിട നമ്പർ | PP 15/219 |
| കെട്ടിടയുടമയുടെ പേര് | ശ്രീ.മുഹമ്മദ്, പീച്ചമണ്ണിൽ ചക്കുംപറമ്പത്ത് ഹൗസ് |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 102 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 15 HP മോട്ടോർ ഉപയോഗിച്ച് ഓയിൽ & ഫ്ലോർ മിൽ നടത്തുന്നതിന് |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | തടിമിൽ (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 18/2018-19 തി.11.04.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് തടിമിൽ എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| ഉപയോഗം | ഇതര വ്യവസായം |
| തറവിസ്തീർണ്ണം | 102 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 102 X 40) | 4080 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, മേൽക്കൂര – 10%, കാലപ്പഴക്കം - 10% ) | 1224 രൂപ |
| | |

| | |
|---|---|
| (+) വർദ്ധനവ് - 20% (വഴി സൗകര്യം) | 816 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 3672 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 918 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 2754 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (3672 x 5%) | 184 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 46 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 138 രൂപ. |
| ആകെ നഷ്ടം (2754+138 ) | 2892 രൂപ. |

3).

| | |
|---|---|
| കെട്ടിട നമ്പർ | PP 10/31 |
| കെട്ടിടയുടമയുടെ പേര് | ശ്രീമതി.ടി.വി.ഇന്ദു, ബാലമന്ദിരം |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 197 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 10 HP മോട്ടോർ ഉപയോഗിച്ച് സിമന്റ് ഹോളോബ്രിക്സ് നിർമ്മാണം. |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | ഇഷ്ടികച്ചൂള (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 18/2018-19 തി.11.04.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് ഇഷ്ടികച്ചൂള എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഉപയോഗം | ഇതര വ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 197 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 197 X 40) | 7880 രൂപ |
| (-) ഇളവ് - 20 % (മേഖല – 10%, മേൽക്കൂര – 10%) | 1576 രൂപ |
| (+) വർദ്ധനവ് - 20% (വഴി സൗകര്യം) | 1576 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 7880 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 1970 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 5910 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (7880 x 5%) | 394 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 99 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 295 രൂപ. |
| | |

| | |
|---|---|
| ആകെ നഷ്ടം (5910+295 ) | 6205 രൂപ. |

4).

| | |
|---|---|
| കെട്ടിട നമ്പർ | PP 19/589 |
| കെട്ടിടയുടമയുടെ പേര് | എരഞ്ഞിയിൽ അബ്ദുൾ റസാഖ് |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 16 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 7 HP മോട്ടോർ ഉപയോഗിച്ച് ഇൻഡസ്ട്രിയൽ നടത്തുന്നതിന് |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | കൈത്തൊഴിൽ ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 27/2018-19 തി.11.04.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഉപയോഗം | ഇതര വ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 16 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 16 X 40) | 640 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, മേൽക്കൂര – 10%, കാലപ്പഴക്കം - 10% ) | 192 രൂപ |
| (+) വർദ്ധനവ് - 20% (വഴി സൗകര്യം) | 128 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 576 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 144 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 432 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (576 x 5%) | 29 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 8 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 21 രൂപ. |
| ആകെ നഷ്ടം (432+21 ) | 453 രൂപ. |

5).

| | |
|---|---|
| കെട്ടിട നമ്പർ | PP 19/586, 587, 588 |
| കെട്ടിടയുടമയുടെ പേര് | എരഞ്ഞിയിൽ അബ്ദുൾ റസാഖ് |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 16 ച.മീ X 3 Nos. |
| | |

| | |
|---|---|
| കെട്ടിടത്തിന്റെ ഉപയോഗം | 7 HP മോട്ടോർ ഉപയോഗിച്ച് ഇൻഡസ്ട്രിയൽ നടത്തുന്നതിന് |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | കൈത്തൊഴിൽ ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 28/2018-19 തി.30.04.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഉപയോഗം | ഇതര വ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 48 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 48 X 40) | 1920 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, മേൽക്കൂര – 10%, കാലപ്പഴക്കം - 10% ) | 576 രൂപ |
| (+) വർദ്ധനവ് - 20% (വഴി സൗകര്യം) | 384 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 1728 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 432 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 1296 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (1728 x 5%) | 87 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 24 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 63 രൂപ. |
| ആകെ നഷ്ടം (1296+63 ) | 1359 രൂപ. |

6).

| | |
|---|---|
| കെട്ടിട നമ്പർ | PP 21/396 |
| കെട്ടിടയുടമയുടെ പേര് | ശ്രീ.കാരക്കാടൻ ഫൗസ് മോൻ |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 114 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | HP മോട്ടോർ ഉപയോഗിച്ച് ഇൻഡസ്ട്രിയൽ നടത്തുന്നതിന് |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | കൈത്തൊഴിൽ ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 30/2018-19 തി.05.05.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഉപയോഗം | ഇതര വ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 114 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 114 X 40) | 4560 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, മേൽക്കൂര – 10%, കാലപ്പഴക്കം - 10% ) | 1368 രൂപ |
| (+) വർദ്ധനവ് - ഇല്ല. | 0 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 3192 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 798 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 2394 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (3192 x 5%) | 160 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 40 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 120 രൂപ. |
| ആകെ നഷ്ടം (2394+120) | 2514 രൂപ. |

7).

| | |
|---|---|
| കെട്ടിട നമ്പർ | PP 9/477 |
| കെട്ടിടയുടമയുടെ പേര് | ശ്രീ.കുഞ്ഞിക്കോയ തങ്ങൾ, ചേനക്കൽ ഹൗസ് |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 43 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 15 HP മോട്ടോർ ഉപയോഗിച്ച് റൈസ് മിൽ നടത്തുന്നതിന് |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | കൈത്തറി ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 83/2018-19 തി.17.05.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കൈത്തറി ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഉപയോഗം | ഇതര വ്യവസായം |
|---|---|
| | |

| | |
|---|---|
| തറവിസ്തീർണ്ണം | 43 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 43 X 40) | 1720 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, മേൽക്കൂര – 10%, കാലപ്പഴക്കം - 10% ) | 516 രൂപ |
| (+) വർദ്ധനവ് - ഇല്ല | 0 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 1204 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 301 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 903 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (1204 x 5%) | 61 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 16 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 45 രൂപ. |
| ആകെ നഷ്ടം (903+45 ) | 948 രൂപ. |

8).

| | |
|---|---|
| കെട്ടിട നമ്പർ | PP 4/330 |
| കെട്ടിടയുടമയുടെ പേര് | മാനേജിംഗ് ട്രസ്റ്റി, മരനാട്ട്മന |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 40 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 8 HP മോട്ടോർ ഉപയോഗിച്ച് റൈസ് മിൽ നടത്തുന്നതിന് |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | തടിമിൽ (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 174/2018-19 തി.14.05.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് തടിമിൽ എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| ഉപയോഗം | ഇതര വ്യവസായം |
| തറവിസ്തീർണ്ണം | 40 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 40 X 40) | 1600 രൂപ |
| (-) ഇളവ് - 40 % (മേഖല – 10%, മേൽക്കൂര – 10%, കാലപ്പഴക്കം - 20% ) | 640 രൂപ |
| (+) വർദ്ധനവ് - ഇല്ല. | 0 രൂപ |

| | |
|---|---|
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 960 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 62 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 898 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (960 x 5%) | 48 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 4 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 44 രൂപ. |
| ആകെ നഷ്ടം (898+44) | 942 രൂപ. |

9).

| | |
|---|---|
| കെട്ടിട നമ്പർ | PP 23/608 |
| കെട്ടിടയുടമയുടെ പേര് | ശ്രീ.ഊരോത്തുകുന്നമ്മൽ മൊയ്തീൻ ഹാജി |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 112 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 15 HP മോട്ടോർ ഉപയോഗിച്ച് ഓയിൽ & ഫ്ലോർ മിൽ നടത്തുന്നതിന് |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | തടിമിൽ (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 185/2018-19 തി.06.04.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് തടിമിൽ എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഉപയോഗം | ഇതര വ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 112 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (112 X 40) | 4480 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, മേൽക്കൂര – 10%, കാലപ്പഴക്കം - 10% ) | 1344 രൂപ |
| (+) വർദ്ധനവ് - 20% (വഴി സൗകര്യം) | 896 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 4032 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 1008 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 3024 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (4032 x 5%) | 202 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 51 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 151 രൂപ. |

| | |
|---|---|
| ആകെ നഷ്ടം (3024+151 ) | 3175 രൂപ. |

10).

| | |
|---|---|
| കെട്ടിട നമ്പർ | PP 9/243 C |
| കെട്ടിടയുടമയുടെ പേര് | ശ്രീമതി.കുട്ടശ്ശേരി കദീജ, മാഞ്ചേരി ഹൗസ് |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 100 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 13 HP മോട്ടോർ ഉപയോഗിച്ച് ചപ്പാത്തി, പത്തിരി തുടങ്ങിയ ആഹാരസാധനങ്ങളുടെ നിർമ്മാണ യൂണിറ്റ് നടത്തുന്നതിന് |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | സ്റ്റോറേജ് ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 185/2018-19 തി.06.04.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് സ്റ്റോറേജ് ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| ഉപയോഗം | ഇതര വ്യവസായം |
| തറവിസ്തീർണ്ണം | 100 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 100 X 40) | 4000 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, മേൽക്കൂര – 10%) | 800 രൂപ |
| (+) വർദ്ധനവ് - 20% (വഴി സൗകര്യം) | 800 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 4000 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 1000 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 3000 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (4000 x 5%) | 200 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 50 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 150 രൂപ. |
| ആകെ നഷ്ടം (3000+150 ) | 3150 രൂപ. |

11).

| | |
|---|---|
| കെട്ടിട നമ്പർ | PP 17/749 |
| കെട്ടിടയുടമയുടെ പേര് | ശ്രീ.അബ്ദുൾ ലത്തീഫ്, ചീരത്തടയൻ ഹൗസ് |
| | |

| | |
|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 151.25 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 10 HP മോട്ടോർ ഉപയോഗിച്ച് അവിൽ നിർമ്മാണവും സ്റ്റോക്കും വിൽപ്പനയും നടത്തുന്നതിന് |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | കൈത്തൊഴിൽ ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 221/2018-19 തി.23.04.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഉപയോഗം | ഇതര വ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 151.25 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (151.25 X 40) | 6050 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, മേൽക്കൂര – 10%, കാലപ്പഴക്കം - 10% ) | 1815 രൂപ |
| (+) വർദ്ധനവ് - 20% (വഴി സൗകര്യം) | 1210 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 5445 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 1210 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 4235 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (5445 x 5%) | 273 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 61 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 212 രൂപ. |
| ആകെ നഷ്ടം (4235+212) | 4447 രൂപ. |

12).

| | |
|---|---|
| കെട്ടിട നമ്പർ | PP 22/141 |
| കെട്ടിടയുടമയുടെ പേര് | ശ്രീ.പുന്നക്കാടൻ മൊയ്തീൻ |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 342 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 10 HP മോട്ടോർ ഉപയോഗിച്ച് അവിൽ നിർമ്മാണവും സ്റ്റോക്കും വിൽപ്പനയും നടത്തുന്നതിന് |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | കോഴി വളർത്തൽ ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |

| | |
|---|---|
| ലൈസൻസ് നമ്പർ / തിയ്യതി | 231/2018-19 തി.10.05.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കോഴി വളർത്തൽ ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഉപയോഗം | ഇതര വ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 342 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (342 X 40) | 13680 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, മേൽക്കൂര – 10%, കാലപ്പഴക്കം - 10% ) | 4104 രൂപ |
| (+) വർദ്ധനവ് - ഇല്ല. | 0 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 9576 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 232 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 9344 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (9576 x 5%) | 479 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 12 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 467 രൂപ. |
| ആകെ നഷ്ടം (9344+467) | 9811 രൂപ. |

13).

| | |
|---|---|
| കെട്ടിട നമ്പർ | PP 8/348 |
| കെട്ടിടയുടമയുടെ പേര് | ശ്രീ.കട്ടേക്കാടൻ കസ്സാലി |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 56 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 10 HP മോട്ടോർ ഉപയോഗിച്ച് ഫ്ലോർമിൽ നടത്തുന്നതിന് |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | സ്റ്റോറേജ് ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 241/2018-19 തി.16.05.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് സ്റ്റോറേജ് ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഉപയോഗം | ഇതര വ്യവസായം |
|---|---|

| | |
|---|---|
| തറവിസ്തീർണ്ണം | 56 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 56 X 40) | 2240 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, മേൽക്കൂര – 10%, കാലപ്പഴക്കം - 10% ) | 672 രൂപ |
| (+) വർദ്ധനവ് - ഇല്ല. | 0 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 1568 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 392 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 1176രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (1568 x 5%) | 79 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 20 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 59 രൂപ. |
| ആകെ നഷ്ടം (1176+59) | 1235 രൂപ. |

14).

| | |
|---|---|
| കെട്ടിട നമ്പർ | PP 4/245 |
| കെട്ടിടയുടമയുടെ പേര് | ശ്രീമതി. സലീമ പെരിങ്കടകാരാട്ട് |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 40 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 10 HP ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ച് റൈസ്, ഫ്ലോർ & ഓയിൽ മിൽ നടത്തുന്നതിന്. |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | കൈത്തൊഴിൽ ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 268/2018-19 തി.07.06.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| ഉപയോഗം | ഇതര വ്യവസായം |
| തറവിസ്തീർണ്ണം | 40 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (40 X 40) | 1600 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, കാലപ്പഴക്കം - 20% ) | 320 രൂപ |
| (+) വർദ്ധനവ് - ഇല്ല. | 0 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 1280 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 280 രൂപ. |

| | |
|---|---|
| നിർണ്ണയിച്ചതിൽ കുറവ് | 1000 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (1280 x 5%) | 64 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 14 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 50 രൂപ. |
| ആകെ നഷ്ടം (1000+50) | 1050 രൂപ. |

15).

| | |
|---|---|
| കെട്ടിട നമ്പർ | PP 16/648 |
| കെട്ടിടയുടമയുടെ പേര് | ശ്രീമതി. മറിയുമ്മ മദാരി കുപ്പേങ്ങൽ |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 80 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 20 HP ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ച് അരി പൊടിച്ച് പായ്ക്ക് ചെയ്ത് വിൽക്കുന്നതിന്. |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | കൈത്തൊഴിൽ ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 335/2018-19 തി.31.08.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| ഉപയോഗം | ഇതര വ്യവസായം |
| തറവിസ്തീർണ്ണം | 80 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (80 X 40) | 3200 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, കാലപ്പഴക്കം - 20% ) | 960 രൂപ |
| (+) വർദ്ധനവ് - 20% (വഴി സൗകര്യം) | 640 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 2880 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 800 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 2080 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (2880 x 5%) | 144 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 40 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 104 രൂപ. |
| ആകെ നഷ്ടം (2080+104) | 2184 രൂപ. |

16).

| | |
|---|---|
| കെട്ടിട നമ്പർ | PP 16/602 |

| | |
|---|---|
| കെട്ടിടയുടമയുടെ പേര് | ശ്രീമതി. സൗദത്ത് ചെറുകപ്പള്ളി |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 57.22 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 10 HP ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ച് റൈസ്, ഫ്ലോർ & ഓയിൽ മിൽ നടത്തുന്നതിന്. |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | കൈത്തൊഴിൽ ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 367/2018-19 തി.08.10.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഉപയോഗം | ഇതര വ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 57.22 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (57.22 X 40) | 2289 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, കാലപ്പഴക്കം - 20% ) | 687 രൂപ |
| (+) വർദ്ധനവ് - 20% (വഴി സൗകര്യം) | 458 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 2060 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 515 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 1545 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (2060 x 5%) | 103 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 26 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 77 രൂപ. |
| ആകെ നഷ്ടം (1545+77) | 1622 രൂപ. |

17).

| | |
|---|---|
| കെട്ടിട നമ്പർ | PP 22/579 |
| കെട്ടിടയുടമയുടെ പേര് | ശ്രീമതി. ഉമ്മുസൽമ, പുതുക്കൊള്ളി |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 84 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 10 HP ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ച് ഫ്ലോർ മിൽ നടത്തുന്നതിന്. |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | കൈത്തൊഴിൽ ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 398/2018-19 തി.23.11.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| ഉപയോഗം | ഇതര വ്യവസായം |
| തറവിസ്തീർണ്ണം | 84 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (84 X 40) | 3360 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, കാലപ്പഴക്കം - 20% ) | 1008 രൂപ |
| (+) വർദ്ധനവ് - ഇല്ല. | 0 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 2352 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 756 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 1596 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (2352 x 5%) | 118 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 38 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 80 രൂപ. |
| ആകെ നഷ്ടം (1596+80) | 1676 രൂപ. |

18).

| | |
|---|---|
| കെട്ടിട നമ്പർ | PP 16/843 A |
| കെട്ടിടയുടമയുടെ പേര് | ശ്രീമതി. കദീജ പന്തപ്പിലാക്കൽ |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 20 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 3 HP ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ച് ഇൻഡസ്ട്രിയൽ നടത്തുന്നതിന്. |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | കൈത്തൊഴിൽ ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 430/2018-19 തി.15.01.2019 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| ഉപയോഗം | ഇതര വ്യവസായം |
| തറവിസ്തീർണ്ണം | 20 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (20 X 40) | 800 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, കാലപ്പഴക്കം - 20% ) | 240 രൂപ |

| | |
|---|---|
| (+) വർദ്ധനവ് - ഇല്ല. | 0 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 560 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 140 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 420 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (560 x 5%) | 28 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 7 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 21 രൂപ. |
| ആകെ നഷ്ടം (420+21) | 441 രൂപ. |

19).

| | |
|---|---|
| കെട്ടിട നമ്പർ | PP 16/792 |
| കെട്ടിടയുടമയുടെ പേര് | ശ്രീ.കാരാട്ട് രാമചന്ദ്രൻ |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 180 ച.മീ |
| കെട്ടിടത്തിന്റെ ഉപയോഗം | 23 HP ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ച് പാക്കിംഗ് കെയ്സ് നിർമ്മാണം. |
| വസ്തുനികുതി നിർണ്ണയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | കൈത്തൊഴിൽ ഷെഡ് (10 രൂപ/ച.മീ നിരക്കിൽ) |
| ലൈസൻസ് നമ്പർ / തിയ്യതി | 458/2018-19 തി.20.03.2018 |

വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗക്രമത്തിലുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| ഉപയോഗം | ഇതര വ്യവസായം |
| തറവിസ്തീർണ്ണം | 180 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40 /ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (180 X 40) | 7200 രൂപ |
| (-) ഇളവ് - 30 % (മേഖല – 10%, കാലപ്പഴക്കം - 20% ) | 2160 രൂപ |
| (+) വർദ്ധനവ് - 20% (വഴി സൗകര്യം) | 1440 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 6480 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 1620 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 4860 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (6480 x 5%) | 324 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 81 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 243 രൂപ. |
| | |

| ആകെ നഷ്ടം (4860+243) | 5103 രൂപ. |
|---|---|

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്തപക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. കെട്ടിടങ്ങളുടെ ഒക്യുപ്പൻസി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വാണിജ്യ / വ്യവസായ യൂണിറ്റുകൾ ഈ കെട്ടിടങ്ങളിൽ ആരംഭിച്ചത് മുതലുള്ള വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതും അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള മുഴുവൻ കെട്ടിടങ്ങളുടേയും വസ്തുനികുതി നിർണ്ണയം പുനപരിശോധിക്കേണ്ടതും അപാകതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം പൂർണ്ണമായും ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഗ്രാമപഞ്ചായത്തിന്റേയും തുടർനിരീക്ഷണം ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതുണ്ട്. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കാതെ ലൈസൻസ് അനുവദിച്ചതിലൂടെ ഗ്രാമപഞ്ചായത്തിന് നഷ്ടമായ 53,995/- രൂപ (ലൈബ്രറി സെസ് ഉൾപ്പെടെ) ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.21/02.07.2019 – മറുപടി ലഭ്യമാക്കിയിട്ടില്ല)

## 2-8 റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിലെ കുറവ്.

ചീഫ് എഞ്ചിനീയറുടെ 22.05.2018 ലെ CE/R&B/GL-RC/1/2018 നമ്പർ സർക്കുലർ പ്രകാരം, വിവിധ തരത്തിലുള്ള റോഡുകളുടെ റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. റെസ്റ്റോറേഷൻ വിഡ്ത്ത് , ട്രഞ്ച് വിഡ്ത്തിന്റെ 1.50 ഇരട്ടിയായി കണക്കാക്കണമെന്നും, BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റെസ്റ്റോറേഷൻ വീതി ഒരു മീറ്റർ ആയി കണക്കാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

റിലയൻസ് ജിയോ, പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ ചെറുകുളം - അങ്ങാടിപൊയിൽ - വെട്ടിക്കാട്ടിരി റോഡിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് 0.50 മീറ്റർ വീതിയിലും 1.65 മീറ്റർ ആഴത്തിലും ട്രഞ്ച് കീറുന്നതിനായി അനുമതിക്കായി 19.06.2018 ന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും, അപേക്ഷ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അസി.എഞ്ചിനീയർക്ക് കൈമാറുകയും ചെയ്തു. അസി.എഞ്ചിനീയർ സർക്കുലറിൽ പറയുന്ന നിരക്കിൽ താഴെ പറയുന്ന പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയതിന്റെ അടിസ്ഥാനത്തിൽ 29,46,144/- രൂപ 13.12.2018 ന് രശീതി നമ്പർ.118230400010 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 1 | ടാർ റോഡ് കട്ട് ചെയ്യുന്നതിന് - 600m X 0.50m = 300m$^2$<br><br>(Say 300 @ 4680.65/m$^2$) | 14,04,195.00 |
| 2 | കോൺക്രീറ്റ് റോഡ് കട്ട് ചെയ്യുന്നതിന് - 300m X 0.50m = 150 m$^2$<br><br>(Say 150 @ 6252.24/m$^2$) | 9,37,836.00 |
| 3 | ഷോൾഡർ കട്ട് ചെയ്യുന്നതിന് - 200m X 0.50m = 100m$^2$<br><br>(Say 100 @ 1422.95/m$^2$) | 1,42,295.00s |
| 4 | Berm കട്ട് ചെയ്യുന്നതിന് - 2800m X 0.50m = 1400<br><br>(Say 1400 @ 329.87/m$^2$) | 4,61,818.00 |
| ആകെ | | 29,46,144.00 |

എന്നാൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ (റെസ്റ്റോറേഷൻ വിഡ്ത്ത് ട്രഞ്ച് വിഡ്ത്തിന്റെ 1.50 ഇരട്ടിയായി കണക്കാക്കണമെന്നും, BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റെസ്റ്റോറേഷൻ വീതി ഒരു മീറ്റർ ആയി കണക്കാക്കണമെന്നുമുള്ള നിർദ്ദേശം) പാലിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ടാർ റോഡ് കട്ട് ചെയ്യുന്നതിന് - 600m X1m = 600m$^2$<br><br>(Say 600 @ 4680.65/m$^2$) | 28,08,390.00 |
| 2 | കോൺക്രീറ്റ് റോഡ് കട്ട് ചെയ്യുന്നതിന് - 300m X 0.75m = 225 m$^2$<br><br>(Say 225 @ 6252.24/m$^2$) | 14,06,754.00 |
| 3 | ഷോൾഡർ കട്ട് ചെയ്യുന്നതിന് - 200m X 0.75m = 150m$^2$<br><br>(Say 150 @ 1422.95/m$^2$ | 2,13,443.00 |
| 4 | Berm കട്ട് ചെയ്യുന്നതിന് - 2800m X 0.75m = 2100<br><br>(Say 2100 @ 329.87/m$^2$) | 6,92,727.00 |
| ആകെ | | 51,21,314.00 |

**ഈടാക്കിയതിൽ കുറവ് (51,21,314.00 – 29,46,144.00) = 21,75,170.00**

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-23/02-07-2019), ഈ സർക്കുലർ LSGD യിൽ പ്രാവർത്തികമാക്കിയിട്ടില്ലായെന്നും, എസ്റ്റിമേറ്റിൽ പറയുന്ന നീളത്തിൽ ട്രഞ്ച് കീറിയിട്ടില്ലായെന്നും കേബിൾ പിറ്റ് എടുത്ത് കേബിൾ വലിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും എസ്റ്റിമേറ്റ് ഉണ്ടാക്കിയപ്പോൾ അപാകത സംഭവിച്ചതാണെന്നും മറുപടി ലഭ്യമാക്കി. ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി റിലയൻസ് ജിയോയിൽ നിന്ന് 29,46,144/- രൂപ ഈടാക്കിയതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കിൽ യഥാർത്ഥ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തോട് കൂടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 രേഖകൾ ഹാജരാക്കിയില്ല, ചെലവ് തുക 10,98,755 രൂപ തടസ്സം ചെയ്യുന്നു

2018-19 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല -

| ക്രമ നം. | വൗച്ചർ / തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖ |
|---|---|---|---|---|
| 1 | 21800461/13-09-18 | ഗ്രാമ പഞ്ചായത്ത് വാഹനത്തിൻെറ ഇൻഷൂറൻസ് ജില്ലാ ഇൻഷൂറൻസ് ഓഫീസിൽ അടവാക്കിയത് | 21,578 | രശീതി |
| 2 | 21800670/23-11-18 | സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് ലൈബ്രറി സെസ് അടവാക്കിയത് | 10,77,177 | രശീതി |
| | | ആകെ | 10,98,755 | |

പരാമർശിച്ച രേഖകൾ ഹാജരാക്കുന്നത് വരെ 10,98,755 രൂപ തടസ്സം ചെയ്യുന്നു.

## 3-2 വാറണ്ടി കാലാവധി അവസാനിക്കുന്നതിന് മുമ്പ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകി.തുക തിരികെ ഈടാക്കേണ്ടതാണ്

21800459/13-09-2018 -ാം നമ്പർ വൗച്ചർ പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിലുള്ള 30,150 രൂപ പേൾസ്പോട്ട് അക്വാ സിസ്റ്റംസ് ആന്റ് സൊലൂഷൻസ് ന് തിരികെ നൽകിയിട്ടുണ്ട്.

2017-18 വർഷത്തിൽ പി.വി.സി. വാട്ടർ ടാങ്ക് വിതരണം എന്ന 175/18 -ാം നമ്പർ പ്രൊജക്ടിനായി അടവാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആണ് ഇപ്രകാരം തിരികെ നൽകിയത്.

08-01-2018ലെ എ2-175/2017 -ാം നമ്പർ ദർഘാസ് പരസ്യത്തിലെ സ്പെസിഫിക്കേഷനിൽ ആവശ്യപ്പെട്ടത് രണ്ട് വർഷത്തെ വാറണ്ടിയായിരുന്നു. മേൽ സ്ഥാപനം 10 വർഷത്തെ ഗ്യാരണ്ടിയാണ് സമർപ്പിച്ച ടെണ്ടറിൽ വ്യക്തമാക്കിയിട്ടുള്ളത്.

ജി.ഒ.(പി)നം.03/2013/SPD/21-06-2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ, ഖണ്ഡിക8.18 പ്രകാരം വാറണ്ടി ഉൾപ്പടെയുള്ള കരാർ ബാധ്യത അവസാനിച്ച് 60 ദിവസത്തിന് ശേഷമേ സെക്യൂരിറ്റി തുക തിരികെ നൽകാൻ പാടുള്ളൂ.

117230400004/26-03-2018-ാം നമ്പർ രശീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കിയ സെക്യൂരിറ്റി തുക 30,150 രൂപ വാറണ്ടി കാലാവധി അവസാനിക്കുന്നതിന് മുമ്പ് തിരികെ നൽകിയത് ക്രമ പ്രകാരമല്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 KCWWF,IT എന്നിവ അടവാക്കിയതിൻെറ രേഖകൾ

# പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2018-19 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ കരാറുകാർക്ക് തുക നൽകിയപ്പോൾ KCWWF, IT എന്നിവ 1% വീതം കുറവു ചെയ്യാതെ മുഴുവൻ തുകയും നൽകി.

| ക്രമ നം. | പ്രൊജക്റ്റ് വിവരം | ആകെ പ്രവൃത്തി മൂല്യം | ബിൽ നം. തുക |
|---|---|---|---|
| 1 | S0386/19 : മൃഗാശുപത്രി കെട്ടിടം വയറിംഗ്<br>അടങ്കൽ - 2,00,000 (പ്ലാൻ- ജനറൽ)<br>കരാറുകാരൻ - ശ്രീ. എൻ. ഇബ്രാഹീം | 1,99,393 | 6/19-07-18<br>1,99,393 |
| 2 | S0388/19 :ഒടോമ്പറ്റ, വെട്ടിക്കാട്ടിരി ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ<br>അടങ്കൽ - 60,000 (പ്ലാൻ- ജനറൽ)<br>കരാറുകാരൻ - ശ്രീ. മുഹമ്മദ് മുസ്തഫ. ടി. | 47,715 | 29/26-03-19<br>47,715 |
| 3 | S0389/19 : പാണ്ടിക്കാട് ടൗണിന് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ<br>അടങ്കൽ - 1,40,000 (1,23,317 - പ്ലാൻ- ജനറൽ<br>16,683 - തനത് ഫണ്ട്)<br>കരാറുകാരൻ - ശ്രീ. ഷാഹുൽ ഹമീദ്. വി. | 1,34,313 | ബിൽനം.8/19-07-18<br>1,23,317<br>വൗച്ചർ നം. 21800406/21-08-18<br>10,996 |
| | ആകെ | 3,81,421 | |

1.11/01-07-2019 - ാംനമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1 ലെ KCWWF രശീതി നം.119230102055/03-07-19 പ്രകാരം അടവാക്കിയതായി അറിയിച്ചു. IT 1% അടവാക്കിയതിൻെറ വിവരം ലഭ്യമാക്കിയിട്ടില്ല.

2. ക്രമ നമ്പർ 2 പ്രവൃത്തിയിൽ KCWWF 1% ഈടാക്കിയിട്ടുണ്ട്.

3. ക്രമ നമ്പർ 3 പ്രവൃത്തിയിൽ റിക്കവറികൾ ഈടാക്കിയതായി മറുപടി നൽകിയെങ്കിലും ആയതിൻെറ രേഖകൾ ഹാജരാക്കിയിട്ടില്ല.

മൂന്ന് പ്രവൃത്തികളുടെ ആകെ പ്രവൃത്തി മൂല്യം 3,81,421 രൂപയുടെ 1% വീതം KCWWF, IT എന്നിവ ആകെ 7,628 രൂപ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡുകളിൽ അടവാക്കിയതിൻെ വിവരം അറിയിക്കേണ്ടതാണ്.

# 3-4 രശീതി,വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്ത്, വണ്ടൂർ-

ന് തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ വിനിയോഗിച്ചതിന്റെ വിവരം, രശീതിഎന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്ര. നം. | പ്രൊജക്ട് | ബിൽ/വൗച്ചർ നം./ തിയ്യതി | തുക |
|---|---|---|---|
| 1 | പി.എം.എ.വൈ. പദ്ധതിക്കായി<br>അധിക തുക അടവാക്കൽ (എസ്.സി.)<br>നം. S0440/19<br>അടങ്കൽ : 1,50,000 (എസ്.സി.പി.) | ബിൽ നം 19/20-12-18 | 1,50,000 |
| 2 | പി.എം.എ.വൈ. പദ്ധതിക്കായി<br>അധികതുക അടവാക്കൽ (ജനറൽ)<br>നം. S0438/19<br>അടങ്കൽ : 35,000 (പ്ലാൻ-ജനറൽ) | ബിൽ നം.20/20-12-18 | 35,000 |
| | | ആകെ | 1,85,000 |

വിനിയോഗ വിവരം, രശീതിഎന്നിവ ഹാജരാക്കുന്നത് വരെ ചെലവ് തുക 1,85,000 രൂപ തടസ്സം ചെയ്യുന്നു.

# 3-5 വാട്ടർ ചാർജ് കുടിശ്ശിക അടവാക്കിയത് -രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല

ഫെബ്രുവരി 2017 മുതൽ വാട്ടർ ചാർജ് ഇനത്തിൽ KWAക്ക് അടവാക്കാനുള്ള തുക 45,063 രൂപ ഗ്രാമ പഞ്ചായത്ത് അടവാക്കി വരുന്നുണ്ട്. എന്നാൽ, 21800658/16-11-18-ാം നമ്പർ വൗച്ചർ പ്രകാരം KWAക്ക് അടവാക്കാനുള്ള വാട്ടർ ചാർജ് കുടിശ്ശിക നൽകുന്നതിനായി 39,269 രൂപ 01-11-2018 ലെ 6(1)-ാം നമ്പർ തീരുമാനം പ്രകാരം നൽകിയിട്ടുണ്ട്.

ഇപ്രകാരം കുടിശ്ശിക വരുവാനുണ്ടായ കാരണം , ലഭ്യമായ ഡിമാൻറ് നോട്ടീസുകൾ എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 39,269 രൂപ തടസ്സം ചെയ്യുന്നു.

# 3-6 മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2018-19 വർഷത്തെ വിവിധ പദ്ധതികൾ പ്രകാരം ആശുപത്രി/ പരിരക്ഷ എന്നിവയിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് അംഗീകൃത ഏജൻസികൾക്ക് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | മുൻകൂർ നൽകിയ സ്ഥാപനം | ചെലവ് തുക/ | കുറിപ്പ് |
|---|---|---|---|---|---|

| | | | | ബിൽ നമ്പർ | |
|---|---|---|---|---|---|
| 1 | PHC- യിലേക്ക് മരുന്ന് വാങ്ങൽ [214/19] – അടങ്കൽ 300000 [നോൺ റോഡ്] | മെഡിക്കൽ ഓഫീസർ [PHC] | KMSCL | 300000/- Bill No 06/2018-19, 10.12.2018 | മുഴവൻ തുകയുടെ മരുന്നും ലഭ്യമാക്കാൻ അവശേഷിക്കുന്നു. |
| 2 | പരിരക്ഷ[213/19] - അടങ്കൽ 885000[വികസന ഫണ്ട്+ നോൺ റോഡ്] | മെഡിക്കൽ ഓഫീസർ [PHC] | KMSCL | 390000/- Bill No 08/2018-19, 26.12.2018 | മുഴവൻ തുകയുടെ മരുന്നും ലഭ്യമാക്കാൻ അവശേഷിക്കുന്നു. |
| 3 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ [22/19] - അടങ്കൽ 200000 [നോൺ റോഡ്] | മെഡിക്കൽ ഓഫീസർ [GHD] | HOMCO | 200000/- Bill No 01/2018-19, 13.11.2018 | മുഴവൻ തുകയുടെ മരുന്നും ലഭ്യമാക്കാൻ അവശേഷിക്കുന്നു. |
| 4 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ [1/19] - അടങ്കൽ 300000 [നോൺ റോഡ്] | മെഡിക്കൽ ഓഫീസർ [GAD] | ഔഷധി | 300000/- Bill No 01/2018-19, 12.09.2018 | 10218/- യുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു |

മേൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഏജൻസികളോട് രേഖാമൂലം ആവശ്യപ്പെടേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

*[ഓഡിറ്റ് എൻക്വയറി നമ്പർ 1/28.06.2019- മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടിസ്വീകരിച്ചതായി ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിച്ചു]*

# 3-7 ആരോഗ്യ ജാഗ്രതാ പ്രചരണം- ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മഴകാല പൂർവ്വ ശുചിത്വ പ്രവർത്തനങ്ങൾക്ക് വേണ്ടി ഒരു വാർഡിന് 10000/- രൂപ നിരക്കിൽ മെഡിക്കൽ ഓഫീസർ [PHC] -യുടെ 246/2018/26.07.2018 നമ്പർ നടപടി ക്രമത്തി ന്റെ അടിസ്ഥാനത്തിൽ മൊത്തം 230000/- രൂപ 23 വാർഡുകളിലേക്കായി നൽകിയിട്ടുണ്ട് [ചെക്ക് നമ്പർ 9426095/26.07.2018]. വാർഡ് സാനിറ്റേഷൻ കൺവീനർമാരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവിന്റെ വൗച്ചറുകളും, പ്രവർത്തന റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 230000/- രൂപയുടെ ചെലവ് തടസം ചെയ്യുന്നു.

*[ഓഡിറ്റ് എൻക്വയറി നമ്പർ 2/28.06.2019- മറുപടി ലഭ്യമാക്കിയിട്ടില്ല]*

# 3-8 ജി.എസ്.ടി- TDS ഈടാക്കേണ്ടതാണ്.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിന്മേൽ TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | തുക/ ബിൽ നമ്പർ | സപ്ലൈ നടത്തിയ സ്ഥാപനം | ഇൻവോയിസ് നമ്പർ | തുക |
|---|---|---|---|---|---|
| 1 | അനുപൂരക പോഷകാഹാര വിതരണം [46/19] | 136418/- 15/2018-19 | ഐഡിയൽ കുടുമ്പശ്രീ യൂണിറ്റ് | 08/ 04.12.2018 | 136418/- |
| | | 281940/- ചെക്ക് നമ്പർ 5303002 | -do- | 15/07.03.2019 | 281940/- |
| 2 | അനുപൂരക പോഷകാഹാര വിതരണം SC [57/19] | 1448147/- 07/2018-19 | ഐഡിയൽ കുടുമ്പശ്രീ യൂണിറ്റ് | 02/15.10.18, 05/08.11.2018 | 562400/- |

വാങ്ങലുകൾ നടത്തുമ്പോൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2% TDSഈടാക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

# 3-9 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ - കൺവീനർമാർക്ക് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ നൽകിയപ്പോൾ കൺവീനർമാർക്ക് 6% തുക അധികം നൽകിയിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികമായി അനുവദിച്ചിട്ടുണ്ട് . ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക

നൽകേണ്ടിയിരുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ് ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്യാതെയും ആദായ നികുതി 1% മാത്രം കുറവ് ചെയ്തും വഴിയുമാണ് കൺവീനർമാർക്ക് അധിക തുക നൽകാനിടയായത്.

വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ 5% തുക കുറച്ചാണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതുമാണ്.

കൺവീനർമാർക്ക് അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 3 /29.6.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് അധിക തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ബില്ലിൽ നിന്ന് കുറവ് ചെയ്യേണ്ടിയിരുന്ന നികുതി-വാറ്റ് (5%) | ആദായ നികുതി (1%) |
|---|---|---|---|
| ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി (303/19)<br>വൗച്ചർ 52/18-19 തുക 181850<br>ചെക്ക് 4063068/31.7.2018<br>അളവ് പുസ്തകം 162/17<br>കൺവീനർ ശ്രീ. മണികണ്ഠദാസ് | 181850 | 9093 | 1819 |
| വള്ളിക്കാപറമ്പ് കുടിവെള്ള പദ്ധതി റിപ്പയർ (402/19) വൗച്ചർ 51/18-19 തുക 254855<br>ചെക്ക് 4063068/31.7.2018<br>അളവ് പുസ്തകം 174/17<br>കൺവീനർ ശ്രീ. അബ്ദുൽ നാസർ | 254855 | 12743 | 2549 |
| ഇല്ലത്ത് കോളനി അംഗൻവാടി റിപ്പയർ (362/19)<br>വൗച്ചർ 66/18-19 തുക 41570<br>ബിൽ. 44/29.9.2018 അളവ് പുസ്തകം 158/17<br>കൺവീനർ ശ്രീമതി വനജ | 41570 | 2079 | 416 |
| കാരാപാടം കുണ്ടുമഠംകോളനി കുടിവെള്ള പദ്ധതി കിണർ | 244068 | 12203 | 2441 |

| | | | |
|---|---|---|---|
| നിർമ്മാണം (400/19)<br>വൗച്ചർ 50/18-19 തുക 244068<br>ചെക്ക് 4063068/31.7.18, അളവ് പുസ്തകം 150/17<br>കൺവീനർ ശ്രീ.രാധാകൃഷ്ണൻ കെ | | | |
| കാരായപ്പാറ ചോലയിൽ റോഡ് ടാറിങ്ങ് (399/19)<br>വൗച്ചർ 49/18-19 തുക 75088<br>ചെക്ക് 4063068/31.7.18, അളവ് പുസ്തകം 66/17<br>കൺവീനർ ശ്രീ. ഹനീഫ | 75088 | 3754 | 751 |
| വളരാട് ഹെൽത്ത് സെന്റർ കാരാപറമ്പ് റോഡ് ടാറിങ് (39819)<br>വൗച്ചർ 48/18-19 തുക 150320<br>ചെക്ക് 4063068/31.7.2018<br>കൺവീനർ | 150320 | 7516 | 1503 |
| ആർപ്പിനിക്കുന്ന് നെല്ലേങ്ങരമുക്ക് റോഡ് ടാറിങ്ങ് (397/19)<br>വൗച്ചർ 47/18-19 തുക 152297 ചെക്ക് 4063068/31.07.18<br>അളവ് പുസ്തകം 119/17<br>കൺവീനർ ശ്രീ.ആശിഫ്.എൻ | 152297 | 7615 | 1523 |
| വളരാട് GLP സ്കൂൾ പാചകപ്പുര നവീകരണം (363/19)<br>വൗച്ചർ 65/18-19 തുക 30747<br>ബിൽ. 43/29.9.2018, അളവ് പുസ്തകം 157/17<br>കൺവീനർ ശ്രീമതി സുകേശിനി | 30747 | 1537 | 307 |
| മൂരിപ്പാടം സ്കൂൾ റോഡ് ടാറിങ് (403/19)<br>വൗച്ചർ 46/18-19 തുക 128564<br>ചെക്ക് 4063068/31.7.2018 | 128564 | 6428 | 1286 |

| | | | |
|---|---|---|---|
| അളവ് പുസ്തകം 141/17<br>കൺവീനർ ശ്രീ, ഗോപകുമാരൻ | | | |
| കാരാട്ടാൽ കുടിവെള്ള പദ്ധതി കിണർ നിർമ്മാണം (401/19)<br>വൗച്ചർ 78/18-19 തുക 173613<br>ചെക്ക് 4063078/28.9.2018<br>അളവ് പുസ്തകം 172/17<br>കൺവീനർ ശ്രീ, ഗോപകുമാരൻ | 173613 | 8681 | 1736 |
| | | 71649 | 14331 |

## 3-10 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ - കൺവീനർമാർക്ക് അധിക തുക നൽകി (2017-18)

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ റോഡ് ടാറിങ് പ്രവൃത്തികൾക്ക് വേണ്ടി ഗ്രാമ പഞ്ചായത്ത് ബിറ്റുമിൻ വാങ്ങുകയും 44 പ്രവൃത്തികൾക്കായി ബന്ധപ്പെട്ട കൺവീനർമാർക്ക് ആയത് ഇഷ്യൂ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തികളിൽ 4 എണ്ണം സ്പിൽ ഓവർ ആയി 2018-19 ൽ ആണ് പൂർത്തീകരിച്ച് ബിൽ നൽകിയത്. ഈ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കൺവീനർമാർക്ക് 6% തുക അധികം നൽകിയിട്ടുണ്ടെന്ന് കണ്ടെത്തുകയും ഓഡിറ്റ് എൻക്വയറി 3/29.6.2019 ലൂടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തിരുന്നു.

അപാകത ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് 2017-18 ൽ പൂർത്തീകരിച്ച ഏതാനും പ്രവൃത്തി ഫയലുകൾ കൂടി പരിശോധിക്കുകയും പ്രസ്തുത പ്രവൃത്തികളിലും മേൽ പരാമർശിച്ച പ്രകാരം അധിക തുക നൽകിയിട്ടുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

ആയതിനാൽ ഗുണഭോക്തൃ സമിതി മുഖേന 2017-18 ൽ നിർവ്വഹിച്ച എല്ലാ പ്രവൃത്തികളും പരിശോധിച്ച് കൺവീനർമാർക്ക് അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2017-18 ലെ ഫയലുകൾ പരിശോധിച്ച് അപാകത കണ്ടെത്തിയ ഏതാനും പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ബില്ലിൽ നിന്ന് കുറവ് ചെയ്യേണ്ടിയിരുന്ന നികുതി. (5%) | ആദായ നികുതി (1%) |
|---|---|---|---|
| കുറ്റിപ്പുളി കാവുങ്ങൽപറമ്പ് റോഡ് സോളിങ്ങും ടാറിങ്ങും (100/18)<br>വൗച്ചർ 161/27.2.2018തുക 307277<br>വൗച്ചർ 162/27.2.2018 തുക 87750 | 482350 | 24118 | 4824 |

| | | | |
|---|---|---|---|
| വൗച്ചർ 35/16-17 തുക 827323<br>അളവ് പുസ്തകം 8/17<br>കൺവീനർ ശ്രീമതി മോഹൻദാസ്.പി | | | |
| പൂക്കുന്ന് മഞ്ഞിലാംകുന്ന് റോഡ് സോളിങ്ങും മെറ്റലിങ്ങും ടാറിങ്ങും (147/18)<br>വൗച്ചർ 170/24.2.2018 തുക 297219<br>വൗച്ചർ 84/16-17 47677<br>അളവ് പുസ്തകം 99/17<br>കൺവീനർ ശ്രീ.രവി.പി.എം | 344896 | 17245 | 3449 |
| കാരായപ്പാറ കാവുങ്ങൽപറമ്പ് റോഡ് റീ-ടാറിങ്ങ് (73/18)<br>വൗച്ചർ 160/20.2.2018 തുക 264857<br>വൗച്ചർ 96/16-17 തുക 124186<br>അളവ് പുസ്തകം 136/17<br>കൺവീനർ ശ്രീ. അഹമ്മദ് | 389043 | 19452 | 3890 |
| ഹൈസ്കൂൾപടി രാജീവ് റോഡ് ടാറിങ് (73/18)<br>വൗച്ചർ 159/20.2.2018തുക 353389<br>വൗച്ചർ 73/16-17തുക 123031<br>കൺവീനർ ശ്രീ.അക്ബറലി<br>അളവ് പുസ്തകം 101/17 | 476420 | 23821 | 4764 |

# 3-11 പൊതു മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 271 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 166 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 39ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ പദ്ധതി | 271 | ആകെ അടങ്കൽ | 65008716 |
|---|---|---|---|
| നടപ്പിലാക്കിയത് | 166 | ചെലവ് | 37020436 |
| | | | |

| | | | |
|---|---|---|---|
| ശതമാനം | 61 | ചെലവ് ശതമാനം | 56.94 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളിൽ 81 എണ്ണവും സ്പിൽ ഓവർ പ്രൊജക്റ്റുകളായിരുന്നു. എന്നാൽ അവയിൽ 13 പ്രൊജക്റ്റുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ ഗ്രാമ പഞ്ചായത്തിനായിട്ടില്ല. സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കുമായിരുന്ന ഗ്രാന്റ് തുക നഷ്ടപ്പെടുന്നതിനും പദ്ധതി നിർവ്വഹണത്തിലെ ഈ അനാസ്ഥ കാരണമായി.
പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസന സ്റ്റാന്റിങ് കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കാതിരുന്നത് വഴിയാണ് മേൽ പരാമർശിച്ച പ്രകാരം പദ്ധതി നിർവ്വഹണത്തിൽ ഗ്രാമ പഞ്ചായത്ത് പിന്നോക്കം പോകാൻ ഇടയായത്.

**1.പ്രൊജക്റ്റുകളുടെ ആധിക്യം നിർവ്വഹണത്തെ ബാധിക്കുന്നു.**

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 2ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വ്രഷത്തിൽ ഉണ്ടായിരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയുടെ 50% ൽ അധികം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാനുള്ള പദ്ധതികളാണ്. ഈ പ്രൗജക്റ്റുകളുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർന്ന് പ്രവൃത്തിയുടെ മേൽ നോട്ടം വഹിക്കലും ബില്ല്, അളവ് പുസ്തകം എഴുതൽ എന്നിവയെല്ലാം ചെയ്യേണ്ടത് ഈ മൂന്ന് പേർ ചേർന്നാണ്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

**2.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല**

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്റ്റിനൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്റ്റുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്റ്റുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

**3.എഞ്ചിനീയറിങ് വിഭാഗത്തിന് വാഹനം ലഭ്യമാക്കിയിട്ടില്ല**

എഞ്ചിനീയറിങ് വിഭാഗത്തിന് വാഹനം വാടകക്കെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തിൽ അപ്രകാരം വാഹന സൗകര്യം അവർക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് വാഹനം പലപ്പോഴും ഇവർക്ക് ലഭ്യമാവാത്തതിനാൽ പ്രവൃത്തിയുടെ മേൽ നോട്ടം വഹിക്കുന്നതിനും അളവ് രേഖപ്പെടുത്തുന്നതിനും കരാറുകാരുടെ തന്നെ വാഹനത്തിൽ പോവുന്ന സാഹചര്യം നിലവിലുണ്ട്. ഇത് തീർത്തും ഒഴിവാക്കേണ്ടതാണ്.ആയതിനാൽ എഞ്ചിനീയറിങ് വിഭാഗത്തിന് വാഹന സൗകര്യം ഏർപെടുത്താൻ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

**4.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ തുക (പ്രോബബ്ള്‍ എമൗണ്ട് ഓഫ് കോൺട്രാക്റ്റ്), പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ രജിസ്റ്ററിൽ കരാറുകാരൻ അടവാക്കിയ EMDതുകയുടെ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല . രജിസ്റ്ററുകളിലെ കോളങ്ങളെല്ലാം എഴുതി പൂർത്തീകരിച്ച് സൂക്ഷിക്കേണ്ടതാണ്.

# 3-12 ഗുണഭോക്തൃ തിരഞ്ഞെടുപ്പിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങളിലെ അപാകതകൾ..

പദ്ധതിയുടെ ഭാഗമായി ആനുകൂല്യം നൽകുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമകേന്ദ്രം തുടങ്ങി എല്ലാവിധ പൊതുസാമൂഹ്യ സംവിധാനങ്ങളിലൂടേയും അപേക്ഷാ ഫോറം വിതരണം ചെയ്തുകൊണ്ടാണ്. അപേക്ഷ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അതാത് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന അർഹരായവരുടെ കരട് ലിസ്റ്റിൽ നിന്നുമാണ് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായ മുഴുവൻ പേരേയും ഉൾപ്പെടുത്തി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കാൻ നിർദ്ദേശമുള്ളത്. മുൻഗണനാ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിനു മുമ്പായി അപേക്ഷകരുടെ അർഹതയും മുൻഗണനയും ഫീൽഡ് ലെവൽ ഉദ്യോഗസ്ഥരും പരിശോധിച്ച് സാക്ഷ്യപ്പെടുത്താനും നിർദ്ദേശമുള്ളതാണ്.

എന്നാൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ മേൽകാണിച്ച നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പലപ്പോഴും വീഴ്ച വരുത്തിയതായി കാണുന്നു. വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടേയും മിനുട്സുകൾ പരിശോധിച്ചാൽ പദ്ധതിയുമായി ബന്ധപ്പെട്ട് വികസന സെമിനാറിന് ശേഷം യോഗം ചേരുകയോ ഗുണഭോക്തൃ പരിശോധനയുമായി ബന്ധപ്പെട്ട് മിനുട്സുകളിൽ പരാമർശിക്കുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നുണ്ട്. അപേക്ഷകരുടെ അർഹതയും മുൻഗണനയും നിശ്ചയിക്കുന്നതിനായുള്ള ഫീൽഡ് ലെവൽ പരിശോധനയും കാര്യക്ഷമമായി നടക്കുന്നില്ലായെന്ന് പല പ്രോജക്ടുകളുമായും ബന്ധപ്പെട്ട ഗുണഭോക്തൃ അപേക്ഷകൾ പരിശോധിച്ചാൽ ബോദ്ധ്യമാകുന്നുണ്ട്.

ഉദാഹരണമായി വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കറവ പശു വിതരണ പ്രോജക്ടിലെ സബ്സിഡി ആനുകൂല്യം ലഭിച്ച അഹമ്മദ് കബീർ പൈക്കാടൻ വാർഡ് 3, കുട്ടിഹസ്സൻ എരുത്ത് വാർഡ് 7, ജമീല മണ്ടായി വാർഡ് 14, സഫിയ വടക്കേപുറത്ത് വാർഡ് 22, സന്തോഷ് പി എസ് വാർഡ് 7, മാധവിക്കുട്ടിയമ്മ മുരിങ്ങാപറമ്പിൽ വാർഡ് 18 തുടങ്ങിയുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പരിശോധനക്ക് വിധേയമാക്കുകയോ ഫീൽഡ് ലെവൽ പരിശോധന നടത്തുകയോ ഗ്രാമസഭയിൽ അവതരിപ്പിച്ചതായോ അപേക്ഷകളിൽ രേഖപ്പെടുത്തലില്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.സി

വിദ്യാർത്ഥിനികൾക്കുള്ള ലാപ്ടോപ്പ് വിതരണത്തിലെ ഗുണഭോക്തൃ അപേക്ഷകൾ പരിശോധിച്ചാലും മേൽ അപാകതകൾ ഉള്ളതായി വ്യക്തമാകുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് ഭരണ സമിതി ഗ്രാമസഭ അംഗീകരിച്ച മുൻഗണനാ ലിസ്റ്റിന്റെ മുൻഗണനാ ക്രമം തെറ്റാതെ അംഗീകാരം നൽകുമ്പോൾ അതിനു മുമ്പായി സ്വീകരിക്കേണ്ട ഗുണഭോക്തൃ തിരഞ്ഞെടുപ്പിലെ മുഴുവൻ നടപടിക്രമങ്ങളും കൃത്യമായി പാലിക്കുന്നുവെന്ന് എല്ലാരീതിയിലും ഉറപ്പ് വരുത്തേണ്ടതാണ്. അപാകതകൾ രേഖാമൂലം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല.

# 3-13 വാർഷിക പദ്ധതി രൂപീകരണത്തിൽ നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കാനാവണം.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിലെ പാളിച്ചകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിശോധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**ആസൂത്രണ സമിതിയുടെ പ്രവർത്തനം.**

തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനുള്ള ആസൂത്രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനും സെക്രട്ടറി കൺവീനറുമായുള്ള 12 അംഗ സമിതി വർഷത്തിൽ രണ്ടു പ്രാവശ്യം മാത്രമാണ് വാർഷിക പദ്ധതി രൂപീകരണവും, നിർവ്വഹണവുമായി ബന്ധപ്പെട്ട് യോഗം ചേർന്നത്. 20.01.18 ന് ശേഷം 06.10.18 ന് ചേർന്ന യോഗത്തിന്റെ മിനിട്സിൽ തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ചേർന്ന യോഗങ്ങളിൽ തന്നെ സൂപ്പർവൈസ് ചെയ്യേണ്ട സമിതികളുടെ പ്രവർത്തനം വിലയിരുത്തിയതായോ, നിർദ്ദേശങ്ങൾ രൂപീകരിച്ചതായോ രേഖപ്പെടുത്തലില്ല. അധികവിഭവ സമാഹരണത്തിന് സാദ്ധ്യതകൾ കണ്ടെത്താനോ, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്യുന്നതിനോ ആസൂത്രണ സമിതിക്കായിട്ടില്ല.

**സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.**

വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട യോഗങ്ങൾ യഥാസമയം വിളിച്ച് ചേർക്കൽ, മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ, പദ്ധതി യഥാസമയം പരിശോധനക്കായി സമർപ്പിക്കൽ തുടങ്ങി എല്ലാവിധ മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്താനുള്ള ചുമതല വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ച് ചേർക്കാനും നിർവ്വഹണ ഉദ്യോഗസ്ഥരോട് സ്റ്റാറ്റസ് റിപ്പോർട്ട് നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കാനും ആവശ്യമായ നടപടിക്ക് ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നുണ്ട്. എന്നാൽ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ കീഴിലുള്ള മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ പരിശോധിക്കാനോ, യഥാസമയം യോഗം ചേർന്ന് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാനും നടപടിയുണ്ടായിട്ടില്ല. ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി 14.03.2018 ലെ യോഗത്തിൽ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ചർച്ചചെയ്തു ഭരണ സമിതിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ച ശേഷം തുടർ പ്രവർത്തനങ്ങളിൽ എപ്രകാരം ഇടപെടൽ നടത്തിയെന്ന് വ്യക്തമല്ല. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗ മിനുട്സ് പരിശോധിച്ചാലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ സ്റ്റാറ്റസ്

റിപ്പോർട്ട് ഡാറ്റയുടെ അടിസ്ഥാനത്തിൽ പൂർണ്ണവും കുറ്റമറ്റതുമാണെന്ന് ഉറപ്പ് വരുത്താൻ ഇടപെടൽ നടത്തിയത് വ്യക്തമല്ല.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ കൃത്യമായ മേൽനോട്ടമുണ്ടാവണം.</u>

വർക്കിംഗ് ഗ്രൂപ്പുകൾക്ക് ബന്ധപ്പെട്ട വിഷയ മേഖലയിലെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് മുൻവർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമാക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവസ്ഥാ വിശകലനം നടത്താൻ നിർദ്ദേശമുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ബന്ധപ്പെട്ട വിഷയ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാര നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടത്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് നിദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് അതാത് മേഖലയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ അവസ്ഥാ റിപ്പോർട്ടുകളിലെ ഡാറ്റയെ ഗൗരവമായി സമീപിക്കുന്നില്ലായെന്ന് കാണുന്നു.

വികസനമേഖലയിൽ പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചാൽ ഫോറം 4 ൽ റോഡ് പ്രവർത്തികളുമായി ബന്ധപ്പെട്ട 77 പ്രോജക്ട് നിർദ്ദേശങ്ങളും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 25 എണ്ണവുമാണ് നിർദ്ദേശിച്ചത്. എന്നാൽ അന്തിമ പദ്ധതി രേഖയിൽ കെട്ടിടം,റോഡ്, ഊർജ്ജമുൾപ്പെടെ വിവിധ മേഖലകളിൽ നിന്നായി 81 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 271 പ്രോജക്ടുകളാണുള്ളത്. മൃഗസംരക്ഷണം, ക്ഷീരവികസനമേഖലയിൽ ഗ്രാമസഭയിൽ അവതരിപ്പിക്കാനുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ അന്തിമമാക്കാനുള്ള യോഗം ചേർന്നിട്ടുണ്ടെങ്കിലും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രോജക്ട് ആശയങ്ങളായി അവതരിപ്പിച്ചത് പുതിയ ആളുകളെ ആകർഷിക്കാനുള്ള പദ്ധതികൾ, മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണം എന്നിവ മാത്രമാണ്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ വികസന സെമിനാറിൽ വന്ന നിർദ്ദേശങ്ങളായിട്ടാണ് മേഖലയിൽ നടപ്പിലാക്കേണ്ടവ രേഖപ്പെടുത്തി കാണുന്നത്. ദാരിദ്ര്യലഘൂകരണ മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടിൽ ഫോറം 4 ൽ തൻവർഷം നടപ്പിലാക്കേണ്ട പ്രോജക്ട് നിർദ്ദേശങ്ങളായി ഉൾപ്പെടുത്തിയത് ഹരിത സേനാ രൂപീകരണം, പാട്ടകൃഷി സമ്പ്രദായം, കാർഷിക വിപണന ശൃംഖല എന്നിവയാണെങ്കിലും വാർഷിക പദ്ധതിയിലെ നിർദ്ദേശങ്ങളിൽ വലിയ മാറ്റം കാണുന്നു. എസ് സി മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടിൽ ഫോറം 4 ലോ, ഗ്രാമസഭായോഗങ്ങളിലോ, വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലോ നിർദ്ദേശിക്കാത്ത പ്രോജക്ടാണ് എസ് സി വൃദ്ധർക്ക് കട്ടിൽ വിതരണമെന്നത്. ഇതിനായി തൻവർഷം സ്പിൽ ഓവറിലും പുതിയ പ്രോജക്ടിലുമായി 17.31 ലക്ഷം രൂപ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തക്കുറവ്, പഠന ഉപകരണങ്ങളുടെ കുറവ് , സ്കൂൾ ലൈബ്രറി സൗകര്യം മെച്ചപ്പെടാത്തത് തുടങ്ങിയവയൊന്നും മേഖലയിലെ പ്രശ്നങ്ങളായി അവതരിപ്പിക്കപ്പെടുകയോ പ്രോജക്ടുകൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

<u>ഗ്രാമസഭാ യോഗങ്ങൾ സംഘടിപ്പിക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കണം.</u>

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭാ യോഗ മിനുട്സുകൾ പരിശോധിച്ചതിൽ മുഴവൻ യോഗങ്ങളുടേയും ഫോട്ടോ സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു. ഫോട്ടോ സൂക്ഷിക്കുന്നവയിൽ തന്നെ രജിസ്റ്ററിൽ പങ്കെടുത്തതായി രേഖപ്പെടുത്തിയ അംഗങ്ങളുടെ എണ്ണവുമായി വലിയ വ്യത്യാസമുണ്ട്. ഗ്രാമസഭാ യോഗ മിനുട്സുകളിൽ രേഖപ്പെടുത്തിയ നിർദ്ദേശങ്ങൾ പരിശോധിച്ചതിൽ ഫോറം 1 ൽ വർക്കിംഗ് ഗ്രൂപ്പുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കാനായി തയ്യാറാക്കിയ നിർദ്ദേശങ്ങൾക്ക് പുറമെ അധികമായി നിർദ്ദേശിച്ചത് വ്യക്തമല്ല. വിവിധ മേഖലകളുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ യോഗങ്ങളിൽ ഗൗരവതരമായ പരിശോധനക്ക് വിധേയമാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**<u>വികസന സെമിനാർ സംഘാടനം ഫലപ്രദമാവണം.</u>**

2018-19 ലെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണസമിതി മുൻഗണനകളും വിഭവ ലഭ്യത പരിഗണിച്ചും തയ്യാറാക്കിയ കരട് പദ്ധതി രേഖ പരിശോധിക്കാനായുള്ള ഏകദിന വികസന സെമിനാർ 21.03.18 നാണ് ചേർന്നത്. സെമിനാറിൽ പങ്കെടുക്കേണ്ടത് ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഗ്രാമസഭാ പ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ, പ്രമോട്ടർമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, സ്റ്റേക്ക് ഹോൾഡർമാർ, പ്രൊഫഷണലുകൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളാണെങ്കിലും മിനിട്സിൽ പങ്കെടുത്തവരുടെ കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല. 125 പേർ പങ്കെടുത്ത സെമിനാറിൽ ഗ്രാമ സഭകളിൽ നിന്നും തെരഞ്ഞെടുത്ത പ്രതിനിധികൾ പങ്കെടുത്തിരുന്നോയെന്ന് പോലും വ്യക്തമല്ല. യോഗ നടപടിക്രമങ്ങൾ ഗ്രാമസഭാ യോഗത്തിന്റെ മാതൃകയിൽ അനുയോജ്യമായ മാറ്റം വരുത്താനാണ് നിർദ്ദേശമുള്ളത്. എന്നാൽ വികസന സെമിനാറിന്റെ മിനിട്സോ കാര്യപരിപാടിയോ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ വികസനകാഴ്ചപ്പാട്, മിഷൻപ്രവർത്തനങ്ങളും വാർഷിക പരിപാടിയും , മുൻവർഷ വാർഷിക പദ്ധതി റിപ്പോർട്ട്, വാർഷിക പദ്ധതി കരട് പ്രോജക്ട് നിർദ്ദേശങ്ങൾ, പരിഷ്കരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവയുടെ അവതരണം യോഗത്തിൽ നടത്തിയോയെന്ന് വ്യക്തമല്ല.

മുഴുവൻ വർക്കിംഗ് ഗ്രൂപ്പുകൾക്കും മേഖലയിലെ പ്രശ്നങ്ങൾ കൃത്യമായി പരിശോധിക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും സാധിക്കുന്ന രീതിയിൽ മേൽനോട്ടം വഹിക്കാൻ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികൾക്കാകണം. തദ്ദേശ സ്ഥാപനത്തിന്റെ ദീർഘകാല വികസനത്തിന് ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുന്നതിന് ചുമതലപ്പെട്ട ആസൂത്രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടിയുണ്ടാവണം. അതാത് മേഖലകളുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ച് സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പ്രോജക്ട് ആശയങ്ങൾ നിർദ്ദേശിക്കുന്നതിനും മുൻഗണനാ മേഖലകളെ തിരിച്ചറിയുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിനാവണം. അപാകതകൾ രേഖാമൂലം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല.

## <u>ഭാഗം -4</u>

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | ലൈഫ് ഭവന പദ്ധതി | 21,36,830 | 21,20,000 | 16,830 |
| | 18/19 | ലൈഫ് ഭവന പദ്ധതി പട്ടികജാതി | 31,55,489 | 27,40,000 | 4,15,489 |
| | 70/19 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 5,43,300 | 5,43,300 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 432/19 | പാണ്ടിക്കാട് കളത്തിൽ എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗ്. | 5,55,680 | 3,97,372 | 1,58,308 |
| ബ്ലോക്ക് | 18/19 | ലൈഫ് ഭവന പദ്ധതി | 12,20,000 | 12,00,000 | 20,000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 19/19 | ലൈഫ് ഭവന പദ്ധതി പട്ടികജാതി | 1,80,000 | 1,60,000 | 20,000 |
| | 433/19 | പാണ്ടിക്കാട് മാങ്കുന്നമ്മൽ എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗ്. | 6,11,360 | 4,39,708 | 1,71,652 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലട്രിസിറ്റി ബോർഡ് | 9/19 | കൊട്ടവേലിക്കുന്ന്, പന്നിക്കുഴി മുതലായ വിവിധ കുടിവെള്ള പദ്ധതികൾ വൈദ്യുതീകരണം. | 21800270/ 20/07/18 | 4,15,066 | 4,15,066- | ലഭ്യമല്ല | 0 |
| | 431/19 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് തുക ഒടുക്കൽ. | 21800653/ 15/11/18 | 25,000 | 25,000 | ലഭ്യമല്ല | 0 |
| | 435/19 | പനമ്പറ്റ ത്രാച്ചിക്കുളം കുഴിക്കാട്ട് പറമ്പ് വരിക്കോട്ടിൽ കോളനി, കളത്തിൽ കോളനി എന്നീ റോഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് തുക ഒടുക്കൽ. | 21800824 21800815 21800816/ 15/01/19 | 74,150 | 74,150 | ലഭ്യമല്ല | 0 |
| | 430/19 | കുറ്റിപ്പുളി അംഗൻവാടിക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് | 21800652/ 15/11/18 | 32,142 | 32,142 | ലഭ്യമല്ല | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കെ.എസ്.ഇ.ബിക്ക് തുക ഒടുക്കൽ. | | | | | |
| | 384/19 | വിവിധ കടിവെള്ള പദ്ധതികൾ വൈദ്യുതീകരണം. | 21801197/ 23/03/19 | 55,018 | 55,018 | ലഭ്യമല്ല | 0 |
| | 387/19 | സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 21801264/ 30/03/19 | 2,35,060 | 2,35,060 | ലഭ്യമല്ല | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

# 4-4 വായ്പ/വായ്പാതിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,98,50,482 രൂപ വരവുണ്ട്. 1,98,50,482 രൂപയിൽ 1,98,40,000 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന പദ്ധതി | സ.ഉ.(എം.എസ്)നം. 2278/ ത.സ്വ.ഭ.വ. തിയതി 18/08/18 | 1,98,50,482 | 0 | 10,482 | 0 | 1,98,40,000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6,63,991 |
| തൻവർഷം നിക്ഷേപിച്ച തുക | 56,014 |
| ആകെ | 7,20,005 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7,20,005 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം.</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വെട്ടിക്കാട്ടിരി സർവ്വീസ് സഹകരണ ബാങ്ക് | 7,15,005 |
| | |

| | |
|---|---|
| മലപ്പുറം ഡിസ്ട്രിക്ട് പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നം. എം.567 | 5,000 |
| ആകെ | 7,20,005 |

# 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

# 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം.

**(എ) സംക്ഷിപ്ത വിവരം.**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,19,72,260 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,94,06,466 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 51,427 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 71,649 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 24,53,242 |

**(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)**

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.</u>**

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ. | സർചാർജ്ജ് ചെയ്യാവുന്നവ. | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-7 | 51,427 | | ശ്രീ.ടോമി ജോൺ, സെക്രട്ടറി – 43,006 |
| | | | ശ്രീമതി.ബീന.എസ്, സെക്രട്ടറി – 3,561 |
| | | | ശ്രീ.രാകേഷ് മോഹൻ.എം, സെക്രട്ടറി |

| | | | |
|---|---|---|---|
| | | | (ചാർജ്) – 4,860 |
| 3-9 | | 71649 | ശ്രീ.മനോജ്.കെ.ജി,<br>അസി.എഞ്ചിനീയർ |
| **ആകെ** | **51,427** | **71649** | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10,98,755 | ശ്രീമതി.ബീന.എസ്, സെക്രട്ടറി. |
| 3-4 | 1,85,000 | ശ്രീമതി.ബീന.എസ്, സെക്രട്ടറി. |
| 3-5 | 39,269 | ശ്രീമതി.ബീന.എസ്, സെക്രട്ടറി. |
| 3-6 | 9,00,218 | 6,90,000 ഡോ.ലാൻസ്ലറ്റ്, മെഡിക്കൽ ഓഫീസർ , (PHC)<br>2,00,000 ഡോ. അഞ്ചു.സി.രാജു, മെഡിക്കൽ ഓഫീസർ ,(GHD)<br>10,218 ഡോ.വി.എൻ. കവിത, മെഡിക്കൽ ഓഫീസർ , (GAD) |
| 3-7 | 2,30,000 | ഡോ.ലാൻസ്ലറ്റ്, മെഡിക്കൽ ഓഫീസർ ,(PHC) |
| **ആകെ** | **24,53,242** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.</u>**

2-7 ലൈബ്രറി സെസ് 2,568/- രൂപ

3-9 ആദായ നികുതി 14,331/- രൂപ

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>.**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടോമി ജോൺ,<br>സെക്രട്ടറി | വിരമിച്ചു. | മരുതിപ്പറമ്പിൽ ഹൗസ്, അനുഗ്രഹം,<br>കുമൻകുളം, മഞ്ചേരി, മലപ്പുറം – 676123 |

| | | |
|---|---|---|
| ശ്രീമതി.ബീന.എസ്, സെക്രട്ടറി | സെക്രട്ടറി, പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്. | ദയാനിലയം, വലിയപറമ്പ്.പി.ഒ, ആലപ്പുഴ – 690516 |
| ശ്രീ.രാകേഷ് മോഹൻ.എം, സെക്രട്ടറി (ചാർജ്ജ്) | അസിസ്റ്റന്റ് സെക്രട്ടറി, പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്. | അഥിനീയം, പാലൂർ, പുലാമന്തോൾ.പി.ഒ, മലപ്പുറം – 679323 |
| ശ്രീ.മനോജ്.കെ.ജി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്. | കാട്ടുപറമ്പത്ത് ഹൗസ്, അങ്ങാടിപ്പുറം.പി.ഒ മലപ്പുറം – 679 321 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ക്ര.ന | വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | കെ.എസ്.എ.എം.പി.എം.15/16 തി.22.04.2016 | 43 |
| 2 | 1998-99 | എൽ.എഫ്.എം.6/1107/01 തി.01.11.2010 | 30 |
| 3 | 1999-00 | എൽ.എഫ്.എം.6/1892/07 തി.01.11.2010 | 23 |
| 4 | 2000-01 | എൽ.എഫ്.എം.6/1230/09 തി.01.11.2010 | 4 |
| 5 | 2001-02 | എൽ.എഫ്.എം.6/1231/09 തി.01.11.2010 | 6 |
| 6 | 2000-01<br>2001-02<br>(ചെലവ്) | എൽ.എഫ്.എം.6/1812/04 തി.01.11.2010 | 52 |
| 7 | 2002-03 | എൽ.എഫ്.എം.6/1232/09 തി.01.11.2010 | 30 |
| 8 | 2003-04 | എൽ.എഫ്.എം.6/1413/09 തി.01.11.2010 | 36 |
| 9 | 2004-05 | എൽ.എഫ്.എം.6/414/09 തി.01.11.2010 | 6 |
| 10 | 2005-06 | എൽ.എഫ്.എം.7/407/11 തി.4.6.2011 | 9 |
| 11 | 2006-07 | എൽ.എഫ്.എം.7/694/11 തി.3.8.2014 | 7 |
| 12 | 2007-08 | എൽ.എഫ്.എം.7/779/09 തി.15.12.09 | 11 |
| 13 | 2008-09 | എൽ.എഫ്.എം.7/1165/11 തി.12.7.2011 | 10 |
| 14 | 2009-10 | എൽ.എഫ്.എം.7/1166/11 തി.11.7.2011 | 10 |
| 15 | 2010-11 | എൽ.എഫ്.എം.7/764/12 തി.8.11.12 | 6 |
| 16 | 2011-12<br>2012-13 | എൽ.എഫ്.എം.7/1980/14 തി:3.12.2014 | 15 |
| 17 | 2013-14 | എൽ.എഫ്.എം.7/1405/16 തി:14.06.2016 | 18 |

| | | | |
|---|---|---|---|
| | 2014-15 | | |
| 18 | 2015-16 | കെ.എസ്.എ./എം.പി.എം.7/3207/17തി: 8.2.2017 | 8 |
| 19 | 2016-17 | കെ.എസ്.എ./എം.പി.എം.7/1563/17തി: 26.07.2017 | 12 |
| 20 | 2017-18 | കെ.എസ്.എ./എം.പി.എം.7/2609/18 തി: 04.12.2018 | 23 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.**

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം.

കെ എസ് എ എം പി എം.7/1838/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി: 29/07/2019

**ഓഡിറ്റ് സാക്ഷ്യപത്രം**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രജ് നിയമത്തിലെ 215 -ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ല ഓഡിറ്റ് കാര്യാലയം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**